# മലങ്കര
# വിയോജിതൻ

| പുസ്തകം ൧ | ൧൧൦൭ മേടം. | ലക്കം ൯ |
|---|---|---|


## ക്രിസ്തീയ ജീവിതം.


മിൽററൻ. എം. ബേൽസ്. എം. ഏ. ഡി. ഡി. ഓർലാൻഡോ,


"നമ്മുടെ ജീവനാകുന്ന ക്രിസ്തു" കൊലൊ: 3. 4
"എനിക്കു ജീവിക്കുന്നതു ക്രിസ്തു" ഫിലി: 1. 21.
"ഞാൻ നിങ്ങളിൽ" യോഹ: 15. 4.

ക്രിസ്തീയ ജീവിതം എന്നുള്ളതു് അനുകരണമല്ല. ക്രിസ്തീയ ജീവിതം എന്നുള്ളതു് മതവുമല്ല. ക്രിസ്തീയ ജീവിതം എന്നുള്ളതു് പരിശ്രമമോ പിണ്ണംമറിച്ചിലോ അല്ല.

ക്രിസ്തീയജീവിതം ഉള്ളിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ പുറമെ ഉള്ള ജീവിതമാണു്; ഞാൻ അല്ല ക്രിസ്തുതന്നെ ക്രിസ്തീയ ജീവിതം ക്രിസ്തു തുടൎന്നു ജീവിക്കയാണു്. ക്രിസ്തീയ ജീവിതം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു മാനസാന്തരപ്പെടുന്ന ക്ഷണത്തിൽ എന്നിൽ ഉത്ഭവമാക്കപ്പെടുന്നതാകുന്നു. അതു് എന്നെ അവന്റെ ദിവ്യ സാദൃശ്യത്തോടു് അനുരൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതു സ്വൎഗ്ഗീയ ജീവൻ ആതായതു അതിസ്വാഭാവിക ജീവനത്രേ.

### ൧. ൟ ജീവിതം പ്രകൃതിക്കു മേല്പെട്ടതു.

സത്യക്രിസ്ത്യാനിയുടെ ജീവൻ പ്രകൃതിക്കു മേല്പെട്ടതാണു്. അതു ഉയൎച്ച കടക്കുന്നതും മനുഷ്യ സ്വഭാവത്തിന്റെ ഉള്ളിൽ തുടങ്ങി കയറുന്നതുമാകുന്നു.

ക്രിസ്തീയ ജീവൻ മാത്രമെ ദൈവത്തെ മഹത്വപ്പെടുത്തുന്ന ജീവനായിരിക്കുന്നുള്ളു." എനിക്കുള്ളതു് എല്ലാം കൊടുത്തും അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും (ദൈവവും ക്രിസ്തുവും സ്നേഹമാകുന്നുവല്ലൊ) സ്നേഹമില്ലാ എങ്കിൽ ഞാൻ ഏതുമില്ല"

ദൈവത്തിനോ, മനുഷ്യനോ യഥാൎത്ഥത്തിൽ തൃപ്തിവരുത്തുന്ന ഏക ജീവൻ ക്രിസ്തീയ ജീവൻ മാത്രമാണു്. മറ്റൊരു ജീവനും ജീവിക്കുവാൻ കൊള്ള

കയില്ല. "ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും" (യോഹ: ൪:൧൩) സത്യമായ ക്രിസ്തീയജീവനൊഴികെ വേറൊരു ജീവനും കാലത്തിൻെറ ആവശ്യത്തെ നിറവേററുവാൻ കഴികയില്ല. നിത്യതയുടെ കാൎയ്യമോ പറയേണ്ടല്ലോ. വിഷമുള്ളില്ലാത്ത ജീവൻ ഇതൊന്നു മാത്രമാകുന്നു. പശ്ചാത്താപം എന്ന് ഒന്ന് ഇല്ലാത്തതായി ഭൂമിയിൽ അറിയപ്പെട്ടിട്ടുള്ളത് ഈ ജീവൻ മാത്രമാകുന്നു. എല്ലാപ്പോഴും ചൂണ്ടിക്കാണിച്ചു കൊടുക്കേണ്ടതു് ഈ ജീവൻ മാത്രമാകുന്നു. അതിനു വിശേഷാൽ യോഗ്യത ആവശ്യമില്ല. മരണത്തിൽ നമ്മെ തൃപ്തിപ്പെടുത്തുന്നതും ന്യായവിധി ദിവസത്തിൽ നമ്മെ കുറവില്ലാത്തവരാക്കി തീൎക്കുന്നതും തീൎച്ചയായി ഈ ജീവൻ മാത്രമാകുന്നു.

### മുഴുമനുഷ്യനേയും ഇതു ഉജ്ജീവനം ചെയ്യുന്നു.

ജയിക്കുന്ന ജീവൻ ഇതുമാത്രമാകുന്നു. ഇതത്രെ, സ്വാൎത്ഥമില്ലാത്ത ജീവൻ. ഇതു ശരീരാത്മദേഹികൾ മൂന്നിനേയും അന്തബന്ധിക്കുന്നു. ഭവനജീവിതത്തേയും തൊഴിൽ, ഉദ്യോഗം മുതലായ എല്ലാത്തരം ജീവിതങ്ങളേയും കാലത്തേയും നിത്യതയേയും കൂടി ഇതു അടക്കുന്നു. വിശ്വാസിയുടെ ഉൾജീവിതവും ബാഹ്യജീവിതവും ഒരുപോലെ ശരിപ്പെട്ടുപോകേണ്ടതാകുന്നു. യൗവനക്കാൎക്കും യുവതികൾക്കും വാൎദ്ധക്യത്തിൽ എത്തിട്ടുള്ളവൎക്കും ബലഹീനൎക്കും ഇതു വേണ്ടതത്രെ. ധനികനും ദരിദ്രനും പഠിപ്പുള്ളവനും ഇല്ലാത്തവനും സൎവ്വവൎണ്ണത്തിനും ജാതിക്കും ദേശത്തിനും പൂൎണ്ണമായി യോജിക്കുന്നതാണ് ഈ ജീവൻ. ചുവന്ന മനുഷ്യൻെറയും മഞ്ഞമനുഷ്യൻെറയും വെളുത്ത മനുഷ്യൻെറയും കറുത്ത മനുഷ്യൻെറയും ആവശ്യങ്ങളെ പൂൎണ്ണമായി ഇതു നിൎവഹിക്കുന്നു.

സത്യക്രിസ്തീയജീവിതം എന്നുള്ളതു് മഹത്വത്തിൻെറ പ്രത്യാശയായ ക്രിസ്തു എന്നിൽ എന്നുള്ളതാണ്. ക്രിസ്തു എന്നിൽ ജീവിക്കുന്നു. "അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു." മതം അഥവാ മാൎഗ്ഗമല്ല നമുക്കു ആവശ്യമായിട്ടുള്ളതു്. പിന്നെയോ, ക്രിസ്തുവും അവൻെറ നിറവുമത്രെ.

ക്രിസ്തീയജീവൻ പുതുജനനത്തോടുകൂടി നമ്മിൽ ആരംഭിക്കുന്നു. പിന്നെ ഒരിക്കലും അതു് അവസാനിക്കുന്നില്ല. അതു മരണമില്ലാത്തതാകുന്നു. സാങ്കേതികമായി പറകയെന്നിരുന്നാൽ യേശു എന്നിൽ ഇല്ല. എന്നാൽ ക്രിസ്തുയേശു എന്നിൽ ഉണ്ടു്. യേശു എന്നുള്ളതു് അവനു കൊടുക്കപ്പെട്ട നാമമാത്രമായിരുന്നു. എൻെറ അപ്പനു കൊടുക്കപ്പെട്ട നാമം അതായതു മറുനാമം കാൽവിൻ എന്നായിരുന്നതുപോലെതന്നെ.

### നമ്മുടെ മുഖ്യജോലി

ക്രിസ്തുവിനെപ്പോലെ ആകുക; അവനെ മഹത്വപ്പെടുത്തി ജീവിക്കുക എന്നുള്ളതായിരിക്കണം നമ്മുടെ മുഖ്യജോലി. അന്തൎവാസിയായ ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെ നാം നിരന്തരമായി പരിശീലിക്കണം. മാഡംഗയോൺ തന്നിൽ വസിച്ചിരുന്ന ക്രിസ്തുവിനോടു പ്രാൎത്ഥിക്കപോലും ചെയ്തതായി പറയപ്പെട്ടിരിക്കുന്നു. നമ്മുടെ ഉള്ളിൽ ഇരിക്കുന്ന ക്രിസ്തു മനുഷ്യൻെറ ശാന്തമായ പ്രേരണകളേയും നിഭൃതമായ ഉപദേശങ്ങളേയും അറിവാൻ പഠിക്കണം. എല്ലാററിലും ക്രിസ്തുവിനു പ്രാധാന്യം ഉണ്ടായിരിക്കണം. ഞാൻ എന്നുള്ളതു് ഒരിക്കലും ആദിയി

ൽ വരരുത്, ക്രിസ്തുതന്നെ ആദിയും അന്തവും മദ്ധ്യവും ആയിരിക്കണം.

ക്രിസ്തീയജീവൻ പോഷിപ്പിക്കപ്പെടേണ്ടതും അനുസരിക്കപ്പെടേണ്ടതും ആകുന്നു. നമ്മുടെ ഉള്ളിൽ ഇരിക്കുന്ന ക്രിസ്തുമനുഷ്യനോടു നമുക്കു ഇടപാടു കൂട്ടായ്മയും ഉണ്ടായിരിക്കുന്നതു കൂടാതെ അവനെ പൂജിക്കയും ആരാധിക്കയും വേണ്ടതാകുന്നു. അവനു ഇഷ്ടമുള്ള പ്രവൃത്തികൾ നാം ചെയ്കയും വാക്കുകൾ സംസാരിക്കയും വേണ്ടതാകുന്നു. "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ."

അവനെ ദുഃഖിപ്പിക്കുകയോ അസന്തുഷ്ടനാക്കുകയോ ശ്വാസം മുട്ടിക്കുകയോ അരുതു്. അവനെ തിക്കിത്തള്ളി പുറകിലാക്കിക്കളയാതെയിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. എല്ലായ്പോഴും അവനെ മുൻപിൽ നിറുത്തിക്കൊള്ളണം. അവന്റെ സ്വഭാവവും നടപടിയും നമ്മുടെതായി തീരണം. അവന്റെ ഇഷ്ടം, അവന്റെ വേല, അവന്റെ സന്തോഷം, എന്നിവ എന്നേക്കും നമ്മുടെ ഇഷ്ടവും, വേലയും, സന്തോഷവും ആയിത്തീരണം. നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും നമ്മുടെ ഭവനജീവിതം, സാമൂഹ്യജീവിതം, തൊഴിൽ എന്നിവയിലും അവൻ [illegible] ഉപരിസ്ഥനും ആയിരിക്കണം.

സത്യവും സമ്പൂർണ്ണവുമായ ക്രിസ്തീയ ജീവിതം നമ്മുടെ മുഖ്യവും ഉത്കൃഷ്ടവുമായ ലക്ഷ്യമായിരിക്കണം. അവനെ നമ്മുടെ ഹൃദയങ്ങളിൽ സിംഹാസനസ്ഥനാക്കണം, നമ്മുടെ മുഖങ്ങൾ അവന്റെ പ്രതിമയെ പ്രതിബിംബം വർദ്ധമാനമായ വിധത്തിൽ പ്രതിഫലിക്കണം, നമ്മുടെ ആത്മാവു ഇടവിടാതെ അവന്റെ ആത്മാവിനെ ഉച്ഛ്വസിക്കണം, നമ്മുടെ കൈകളുടെ ചലനത്തിനു തന്നെ മനുഷ്യന്റെ വെറും സ്പർശത്തേയോ മുറുകെയുള്ള പിടുത്തത്തേയോകാൾ വളരെ ചൈതന്യവത്തായിരിക്കണം. ജീവനെ ജനിപ്പിക്കുവാൻ ജീവനു മാത്രമെ കഴിയുള്ളു. ആത്മീയലോകത്തിൽ മുഖ്യമായിട്ടും അങ്ങിനെതന്നെ.

### അതിന്റെ ആവശ്യം

ഹാ! യഥാർത്ഥമായ ക്രിസ്തീയജീവന്റെ ആവശ്യം ഇന്നു എത്ര വലുതാണ്. ലോകത്തിൽ ആത്മീയജീവിതം വളരെ താണ നിലയിൽ കിടക്കുന്നു. കുടുംബാരാധനാപീഠങ്ങൾ ഇടിഞ്ഞുകിടക്കുന്നതും, തിരുവത്താഴമേശകളുടെ നിരുപയോഗസ്ഥിതിയും, കുടുംബകാര്യങ്ങളിലുള്ള ആത്മോപദേശം, കുടുംബാരാധനയ്ക്കു വരുമ്പോഴുള്ള ഒന്നിച്ചിരിപ്പ്, ഇവയുടെ അഭാവവും ഒന്നു സൂക്ഷിച്ചു കാണുക. ഇക്കാലത്തു നമ്മുടെ സഭാംഗങ്ങൾ ആരാധനസ്ഥലത്തു വന്നാൽ പിൻഭാഗത്തുള്ള ബെഞ്ചുകളിലാണു പോയിരിക്കുക. നാം സാധാരണയായി ഇപ്പോൾ കാണുന്നതു ജീവനില്ലാത്ത മാമൂൽസ്വീകാരവും വെറും പുറമെയുള്ള അമിഴ്ത്തുപണിയും (Veneering) മാത്രമാണ്. "എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി. അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല." ക്രിസ്തുവിനു ഒഴികെ മറ്റു യാതൊന്നിനും ഈ വിഷമസ്ഥിതിക്കു പരിഹാരം ഉണ്ടാക്കുവാൻ കഴികയില്ല.

അമേരിക്കയിൽ ൫൬൦൦ കോടി ഡോളർ (കാറണമാം) പിഴയായി ഒടുക്കുന്നുണ്ട്. അതായതു ഒരു മണിക്കൂറിൽ ൫൦ ലക്ഷം ഡോളർ. കൂടാതെ അമേരിക്കയിൽതന്നെ ൫൬൦൦൦ മനുഷ്യജീവൻ മൃഗങ്ങളെപ്പോലെ കെട്ടു

ത്തികളയപ്പെടുന്നു. നമ്മുടെ കലാശാലകളിൽ ൯൦ ശതമാനം ൨൦ വയസ്സിന്നു താഴെ ഉള്ളവരാണ്.

നമ്മുടെ ആളുകളിൽ അധികവും സണ്ഡേസ്കൂൾ കഴിയുന്ന ഉടനെയും പരസ്യാരാധനയ്ക്കു മുൻപേയും സിഗററു വലിക്കുവാൻ സമയം ചോദിക്കുന്നു. പക്ഷെ ഭൂരിപക്ഷമാളുകളും ആരാധനാസ്ഥലത്തു പോകുംവഴിയിൽവച്ചുതന്നെ പുക വലിച്ചുകൊണ്ടു പോകുന്നു.

ഇന്ന് അനേകരും യഥാർത്ഥവും പഴയമാതിരിയിലുള്ളതുമായ ക്രിസ്തീയജീവിതത്തിനു ഗൗരവം കൊടുത്ത് അതിനെ സ്വീകരിക്കുന്നില്ല.

### പഴയ കാലത്തെ സ്ഥിതി.

ഹാ! പഴയ കാലത്തെ മാതാക്കന്മാരും പിതാക്കന്മാരും സഭാമന്ദിരങ്ങളിലും വീട്ടുകളിലും ജാതിപരമായ ഉദ്യമങ്ങളിലും ഉണ്ടായിരുന്നെങ്കിൽ എന്തു ഭാഗ്യമായിരുന്നു! ഹാ! പഴയ കാലത്തെ ക്രിസ്തുമാർഗ്ഗവും പഴയ കാലത്തെ ഉണർവ്വുകളും പഴയ കാലത്തെ തിരുവത്താഴശുശ്രൂഷകളും, എല്ലാ കുടുംബാംഗങ്ങളും ചേർന്ന് ആരാധനക്കായി വന്നിരിക്കുന്ന ഇരിപ്പും, ദുഷ്കാമം, സ്ത്രീകളുടെ നേരെയുള്ള അനാദരവ് ഇവയെ ഉളവാക്കാത്ത പഴയ വസ്ത്രധാരണരീതിയും ഇന്നു തിരികെ വരുന്നതായാൽ എന്തു നന്നായിരുന്നു. സ്ത്രീകൾ അധഃപതിക്കുമ്പോഴാണല്ലോ ലോകവും അധഃപതിക്കുന്നത്.

കഴിഞ്ഞ ലോകൈകമഹായുദ്ധം മണിക്കൂർ ഒന്നിനു പത്തുലക്ഷം ഡോളർ വീതം ചെലവഴിച്ചു. അതിന്റെ കടം ഇതുവരെയും തീർന്നിട്ടില്ല. താമസമെന്യേ വേറെ ഒരു ലോകൈകമഹായുദ്ധം ഉണ്ടാകുമെന്നു ചിലർ അഭിപ്രായപ്പെടുന്നു. അങ്ങിനെ ഒന്നുകൂടി നടക്കുന്നതായാൽ ഭൂമിയിൽനിന്നു സകല പരിഷ്കാരങ്ങളും അടിച്ചു കൊണ്ടുപോകപ്പെടും. ഈ ഘട്ടത്തിൽ മനുഷ്യജീവിതത്തിലുള്ള ക്രിസ്തുവിനും, ക്രിസ്തുവിന്റെ ധാരാളതയ്ക്കും, ക്രിസ്തുവിന്റെ വചനത്തിനും മാത്രമേ അടുത്തു വരുന്ന ഏതാനും വത്സരങ്ങളിൽ സംഭവിക്കാൻപോകുന്ന വിഷമാവസ്ഥയിൽനിന്നു ലോകത്തെ രക്ഷിപ്പാൻ കഴിയൂ.

---

# ഗത്സമേനയിലെ ക്രിസ്തു.

കെ. എം. വറുഗീസ്—കോളേജ് വിദ്യാർത്ഥി

III

(തുടർച്ച)

൩൧. കനത്തവേദനയ്ക്കുടൻ നമിച്ചുകൊണ്ടുവീഴുവാൻ
കനിഞ്ഞിടുന്ന ദാസനല്ലപീഡയാഹനിക്കുവാൻ
അനന്തരപ്രകൃഷ്ടസൽഗ്ഗുണാന്വിതൻ, നിരാമയൻ
കനിഞ്ഞുതന്റെ പാണിചേർത്തുകന്നുസൗഖ്യമേകിനാൻ.

൯൮. പ്രകൃഷ്ടധർമ്മമൂർത്തിയോതി, "പേത്രൂ! നീസമാഹരി-
ക്കകൃത്യകൃത്യചന്ദ്രഹാസമണ്ഢ ശിഷ്യവീരമേ!
അകൃത്യമിന്നുചെയ്കതെന്തു?-സാമവൈജയന്തിതാൻ
സ്വകൃത്യകർമ്മഭവ്യദം, പ്രചണ്ഡമീരണാങ്കണേ!!

൯൯. പ്രയോഗയോഗ്യമാം ഫലാന്തരം ജഗന്നിയാമകൻ
നയോചിതപ്രവൃത്തനങ്ങളൊന്നുമേ ഫലിച്ചിടാ,
അയോനിതൻകൃപാരസാമൃതാബ്ധിയിൽതുടിക്കുവാൻ
സുയോജനംഭവിച്ചിടേണമാത്മശുദ്ധിനമ്മളിൽ.

൧൦൦. ജഗന്നിവാസകൻറവാക്കിനില്ല ഭേദമീഷലും,
പ്രഗാഢമാണുകർമ്മമർമ്മവേദ്യമായശക്തിയും,
അഗമ്യമല്ലനാവിലൻറ വീക്ഷണത്തിനിസ്സമ-
പ്രഗുണ്യഗർഭമായതിങ്കലും നിനയ്ക്കപേത്രൂ! നീ.

൧൦൧. സ്വഘാതകർമ്മലോലുപൻ നമുക്കണഞ്ഞതിട്ടന്നൊരാ-
വിചാരമായൊരമ്മിമീതിലാവസിക്കുമെങ്കിലോ,
പ്രചണ്ഡമാരുതന്റെപോലുമങ്ങസാദ്ധ്യമാം ഭയ-
പ്രചാരമേകി ചിത്തസാഗരത്തെയൊന്നിളക്കുവാൻ.

൧൦൨. പ്രബുദ്ധബുദ്ധിചേർന്നുനീധരിക്കയീപ്രപഞ്ചവും
കബന്ധബുൽബുദംകണക്കുനാശമുള്ളതാണഹോ;
സ്വബന്ധുരാഭിരൂപവാൻ, നിരാമയൻ, നിയാമകൻ
സ്വബന്ധുവായയാഥാതഥാനനശ്വരാത്മകൻ, പരൻ.

൧൦൩. യതീന്ദ്രമൌലിരത്നമണ്ഡിതാംഘ്രിയുഗ്മസേവന-
പ്രതീതിയായനേകമേറിലോകസിന്ധുതാണ്ടുവോർ
അതീതയത്നയാമമേ "ബ്രഹാമിനുള്ളമാർവിടം"
മതിപ്രഹർഷമോടണഞ്ഞനന്തതൃപ്തിപൂണ്ടിടും.

൧൦൪. ഗലീലയിൻഹ്രദംകണക്കയുച്ഛലീയചിത്തവും
കലന്നിടൊല്ലിളക്കമൊട്ടുമെന്നുനീധരിക്കെടോ!!
പ്രലോഭ്യമായ്ഗണിച്ചിടേണ്ടതീജഗത്തിലുള്ളനാ-
മലഭ്യമായ "ശാന്തി" തന്നെയില്ലതിന്നുവാദവും;

൧൦൫. പിടിച്ചുകെട്ടിയെന്നെയിന്നു കൊണ്ടുപോകിലെന്തുമൽ-
ജഡത്തിനേററമേകിലെന്തുഘോരമായപീഡനം?
വെടിപ്പുചേർന്നൊരാത്മലീയഹൃത്തിൽപ്രതിഷ്ഠിതം
പടച്ചവൻറ രൂപമൊട്ടുമായ്ക്കുവാനശക്യമാം.

൧൦൬. വിചാരതപ്തരായിടേണ്ടനിങ്ങളെൻറ ശിഷ്യരേ!
സ്വഘാതമൂർത്തിയേകിടും പ്രഗുണ്യഭവ്യമവ്യയം;
പ്രഹൃഷ്ടചിത്തരായി ലോകപാലകൻപദാബ്ജമ-"
ങ്ങഹർന്നിശംഭജിച്ചിടേണമാപദത്തിനീങ്ങുവാൻ.

ൌ. മനസ്വിലോകപൂജ്യനേത്രദേവനോതിപേത്രനോ-
ടനന്തരാത്മമർമ്മമൊട്ടുകാട്ടുമാറിതേവിധം
കനിഞ്ഞനന്തരംവിലോലനേത്രമൊന്നിളക്കിയാ-
സനാതനസ്വപുത്രപിതാനനുഗ്രഹിച്ചുശിഷ്യരെ

വ്വെ. ബലാധിനാഥമുഖ്യരാകെഞെട്ടുമാറുവീണ്ടുമ-
ച്ചുലൽധരിനിപാതമൊത്തശബ്ദമോടുനസ്രയൻ
ഉലഞ്ഞിടാതുരച്ചു: — "ചോരനെന്നപോലെയെന്നെയി-
സ്ഥലത്തുനിങ്ങളാകവേതിരഞ്ഞിടുന്നതെന്തതോ?

ൻ, വിശങ്കടപ്രബോധനാൽഗഭീരപാപപൂരണ-
പ്രസക്തമർത്ത്യവൃന്ദത്തിലാകെയേറിടുന്നതിന്നഞാൻ
പ്രശസ്തമാംഗലീലമുഖ്യമായദേശമായതിൽ
വിശങ്കമെൻപിതാവുതൻ കഥാമൃതംകഥിച്ചുതേ.

വ്വം. യെറൂശലേമിലെത്തി, ദേവഗേഹഗർഭമായതിൽ-
കടന്നൊരാവണിക്കലത്തെയാഞ്ഞടിച്ചിറക്കിനേൻ,
വിശിഷ്ടപുണ്യ"പാറുഷീസ്"തന്നിലമ്മഘോഷപരൻ
മദപ്രചോദിതാത്മകാളിതന്നെയെന്നപോലവേ.

വ്വഫ. പിടിക്കമെന്നപോലിയോടെശിഷ്യരൊത്തുഗഹ്വരം
കടന്നിരുന്നതില്ലയെങ്ങുമീയിവൻ 'നരാത്മജൻ,
മൃതിർന്നിടുന്നവർന്നിവാരമാപദാത്തിയാത്മനാ-
തിതിക്ഷയോടുനാംസഹിപ്പതെന്നിമാറ്റുമെന്നുവാൻ?

വ്വവ. എടുത്തുനിങ്ങളെന്തിനാണെകന്തപ്പാകറാരവും?
മടിക്കയില്ലപോരവാൻ—പിടിച്ചുകെട്ടിടേണമാം!
അടക്കത്തൊന്നൊരങ്ങളുകില്ല;തെല്ലുമേതടുക്കകി-
ല്ലടിക്കിലുംപിടിക്കിലുംകയർത്തുതൊന്നുരച്ചിടാ"

വ്വന. ശ്രീയാളുംക്രിസ്തുദേവൻതിരുവടിയിതുപോ-
ലോതിടുന്നേരമേററം
ഭീയാർന്നായുധസൈന്യമൊഴുവനമൊത്തപോൽ
സ്തബ്ധരായ്തീർന്നാചിത്രം!
ആയാസംപൂണ്ടസാത്താൻഭചിഗുണിതകലുഷ-
പ്രാകൃതപ്രൌഢിയോത്ത-
ആയോധർക്കാധിതീർത്തു;നടനവരമലൻ
ക്രിസ്തുനേബലാനാക്കീ

വ്വർ. പ്രദ്യോതമാനഗുണവിദ്യോതനാമയുത
സദ്യോഗിമൌലിഭഗവാൻ
ഹൃദ്യാധിനീങ്ങിപരമുദ്യാനസീമ്നിനിജ
പാദംവണക്കിതരസാ,

ചൊല്ലൊണ്ടുകർത്തൃമശരുല്പന്നകതിയൊടും
കൃപ്പണചിൽപൊരുളതൻ,
പുഷ്പത്തിനൊത്തപടമപ്പോഠംമജിച്ചുനര
സൽപുംഗവൻ ഗമനമായ്

ശുഭം.

# ധ്യാനമഞ്ജരി.

## പുറപ്പാട്ട പുസ്തകം.

( C. H. M. )

എന്റെ വായനക്കാർ ഇതിനെ ആഴമായി ആലോചിക്കട്ടെ. ദൈവജനങ്ങൾക്കു ക്ഷേമത്തെ ആശംസിക്ക, അവർക്കു ശുശ്രൂഷചെയ്ക, അവരെക്കുറിച്ചു ദയവായി സംസാരിക്ക എന്നിവകൊണ്ടു നാം തൃപ്തിപ്പെടരുതു്. അവർ വളരെ നിന്ദിക്കപ്പെട്ടവരും നിഷേധിക്കപ്പെട്ടവരുമായിരുന്നാലും നാം അവരോടു പൂർണ്ണമായി യോജിക്കേണ്ടവരാണു്. പരോപകാരപ്രസക്തിയും ഔദാര്യവുമുള്ള ഒരു ആത്മാവിനു ക്രിസ്തുമതത്തിന്റെ രക്ഷാധികാരിസ്ഥാനം വഹിക്ക എന്നുള്ളതു്, ഒരളവിൽ, സുഖകരമത്രേ. എന്നാൽ ക്രിസ്ത്യാനികളോടു ഏകീഭവിക്കയോ, ക്രിസ്തുവിനോടുകൂടി കഷ്ടപ്പെടുകയോ ചെയ്യുന്നതു് ഇതിൽനിന്നു് അശേഷം വ്യത്യാസപ്പെട്ട ഒരു കാര്യമാണു്. ഒരു രക്ഷാധികാരി എന്നുള്ളതു് ഒരു സംഗതി, ഒരു രക്തസാക്ഷി എന്നുള്ളതു തീരെ ഭേദപ്പെട്ട വേറൊരു സംഗതി. ദൈവത്തിന്റെ പുസ്തകത്തിൽ ഒന്നിലധികം ഈ ഭേദം കാണുന്നുണ്ടു്. ദൃഷ്ടാന്തമായി, ഒബദിയായിക്കു ദൈവത്തിന്റെ സാക്ഷികളെക്കുറിച്ചു കരുതലുണ്ടായിരുന്നു. എന്നാൽ ഏലിയാ ദൈവഭാഗത്തു് ഒരു സാക്ഷിയായിരുന്നു. ദാര്യാവേശ് ഒരു രാത്രിയിലെ ഉറക്കം നഷ്ടപ്പെടത്തക്കവണ്ണം ദാനിയേലിനോടു ബന്ധിക്കപ്പെട്ടിരുന്നു. എന്നാൽ ദാനിയേൽ ആ രാത്രി ദൈവസത്യത്തിനുള്ള സാക്ഷി എന്ന നിലയിൽ സിംഹങ്ങളുടെ ഗുഹയിൽ കഴിച്ചുകൂട്ടുകയാണു ചെയ്തതു്. നിക്കോദേമൂസ് ക്രിസ്തുവിനുവേണ്ടി ഒരു വാക്കു പറവാൻ തക്കവണ്ണം ധൈര്യപ്പെട്ടുവെങ്കിലും അവന്റെ ശിഷ്യത്വം കുറെക്കൂടി പ്രത്യക്ഷമായിരുന്നുവെങ്കിൽ ക്രിസ്തുവിനോടു അവൻ ഏകീഭവിക്കുമായിരുന്നു.

ഈ ചിന്തനങ്ങൾ എത്രയും പ്രായോഗികങ്ങളാണു്. കർത്താവായ യേശു ആവശ്യപ്പെടുന്നതു രക്ഷാകർത്തൃത്വമല്ല, കൂട്ടായ്മയത്രേ. അവനെക്കുറിച്ചുള്ള സത്യം നമുക്കു അറിയിച്ചുതന്നിട്ടുള്ളതു്, അവന്റെ ലോകത്തിനു സംരക്ഷകരായി നാം ഭൂമിയിൽ നിൽക്കേണ്ടതിനല്ല പിന്നെയോ സ്വർഗ്ഗത്തിൽ അവന്റെ അപമാനത്തോടു കൂട്ടായ്മ ചെയ്യേണ്ടതിനാകുന്നു. സ്നേഹത്തിനു

കൊടുപ്പാൻ കഴിയുന്ന സമസ്തത്തിന്റെയും ഭാരമേറിയനഷ്ടം സഹിച്ചിട്ടത്രേ അവൻ നമ്മിൽ ഒരുവനായിത്തീർന്നതു്. അവന് ഇതു കൂടാതെ കഴിയുമായിരുന്നു. പിതാവിന്റെ അങ്കതലമായ അവന്റെ ശാശ്വതവസതി അനുഭവിച്ചുകൊണ്ടുതന്നെ അവനു ഇരിക്കാമായിരുന്നു. എന്നാൽ അങ്ങിനെയെങ്കിൽ കുററക്കാരും നരകാവകാശികളും പാപികളുമായ നമ്മുടെ നേരെ അവന്റെ ഹൃദയത്തിൽ കെട്ടിനിന്ന ശക്തിയേറിയ സ്നേഹത്തിൻ പ്രവാഹം എങ്ങിനെ ഒഴുകും? അവനുള്ള സകലവും പരിത്യാഗം ചെയ്ക എന്നുള്ള വ്യവസ്ഥയിന്മേലല്ലാതെ അവനും നമുക്കും തമ്മിൽ ഐക്യഭാവം ഉണ്ടാകുവാൻ കഴിയുന്നതല്ല. എന്നാൽ യുഗായുഗം മുഴുവൻ അവന്റെ ആരാധ്യമായ നാമം വാഴ്ത്തപ്പെട്ടതാകട്ടെ. ആ പരിത്യാഗം മനസ്സോടുകൂടി അവൻ ചെയ്തു. "അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്ത ജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു. (തീത്തോ: ൨-൧൪) അവന്റെ മഹത്വത്തെ തനിച്ചനുഭവിക്കുവാൻ അവനു മനസ്സില്ല. ആ മഹത്വത്തിൽ അവനോടുകൂടി അനേക പുത്രന്മാരെ ചേർക്കുന്നതിനാൽ മാത്രമേ അവന്റെ സ്നേഹമുള്ള ഹൃദയം തൃപ്തിപ്പെടുകയുള്ളു. അവൻ ഇങ്ങിനെ പറയുന്നു. "പിതാവേ നീ ലോകസ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു് എനിക്കു നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്നിടത്തു് അവരും എന്നോടുകൂടി ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു." (യോഹ: ൧൭-൨൪) തന്റെ ജനത്തെക്കുറിച്ചു ക്രിസ്തുവിനുള്ള വിചാരങ്ങൾ ഇവയാണ്. ഈ വിലയേറിയ വിചാരങ്ങൾ കൊണ്ടു മോശയുടെ ഹൃദയം എത്രമാത്രം സഹതാപവത്തായിരുന്നുവെന്നു നമുക്കു നിഷ്പ്രയാസം കാണ്മാൻ കഴിയും. അവൻ സംശയരഹിതമാംവണ്ണം യജമാനന്റെ ആത്മാവിൽ ഒരു നല്ലഭാഗം അവകാശപ്പെടുത്തിയിരുന്നു. സ്വകീയമായ എല്ലാ കരുതലുകളേയും, അശേഷം ബാക്കിവയ്ക്കാതെ, ഹൃദയപൂർവ്വം പിൻവലിച്ചു. ദൈവജനത്തോടു നമ്മെ തന്നെത്താൻ പൂർണ്ണമായി അനുയോജിപ്പിച്ചതിൽ ആ വിശിഷ്ട മനഃസ്ഥിതി അവൻ പ്രത്യക്ഷീകരിച്ചു.

ഈ മാന്യ ദൈവഭൃത്യന്റെ വ്യക്തിപരമായ സ്വഭാവഗുണവും നടത്തകളും ഈ പുസ്തകത്തിന്റെ അടുത്തഭാഗത്തു കാണാവുന്നതാണ്. നാം അവനെ ഇവിടെ ചുരുക്കത്തിൽ മാത്രമെ കർത്താവായ യേശുക്രിസ്തുവിന്റെ നിഴലായി ചിന്തിക്കുന്നുള്ളു. താഴെവരുന്ന വാക്യത്തിൽനിന്ന് അവൻ കർത്താവിന്റെ ഒരു മുൻകുറി ആയിരുന്നു എന്നുള്ളതു സ്പഷ്ടമാകുന്നു. "നിന്റെ ദൈവമായ യഹോവ നിനക്കു് എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ചുതരും അവന്റെ വചനം നിങ്ങൾ കേൾക്കേണം." (ആവ: ൧൮. ൧൫) അതുകൊണ്ടു മോശയെ ഒരു മുൻകുറിയായി കാണിപ്പാൻ മനുഷ്യവിചാരങ്ങളിൽ ഒരു കൃത്രിമം പ്രയോഗിക്കയല്ല ചെയ്യുന്നതു്. മോശ കർത്താവിന്റെ ഒരു മുൻകുറിയാണെന്നുള്ളതു തി

ത്വവെഴത്തിന്റെ ശരിയായ ഉപദേശ മത്രെ. പുറപ്പാട് രണ്ടാമദ്ധ്യായത്തിന്റെ അവസാനവാക്യങ്ങളിൽ ഈ മുൻകുറി രണ്ടുവിധത്തിൽ നാം കാണുന്നു. (൧) ഇസ്രായേൽ മോശയെ നിഷേധിച്ചതിൽ. (൨) മിദിയാൻ ദേശത്തു അവൻ ഒരന്യനോടുകൂടി താമസിച്ചതിൽ.

ഈ സംഗതികൾ ഏറക്കുറെ യോസഫിന്റെ ചരിത്രത്തിലും വ്യക്തീഭവിച്ചിട്ടുള്ളതാണ്. അവൻ ജഡപ്രകാരമുള്ള തന്റെ സഹോദരന്മാരാൽ തള്ളപ്പെട്ടിട്ട് ഒരു ഏജിപ്തുകാരിയുമായി ബാന്ധവം കൂട്ടുന്നു. ഈ സംഭവത്തിൽ മോശയുടെ സംഗതിയിൽ എന്നപോലെ ക്രിസ്തു ഇസ്രായേലിനാൽ തള്ളപ്പെടുന്നതും സഭയോടുള്ള അവന്റെ ഐക്യവും മറെറാരു രൂപത്തിൽ കാണിക്കപ്പെട്ടിരിക്കുന്നു. യോസഫിന്റെ സംഗതിയിൽ വ്യക്തിപരമായി അവനോടുള്ള ശത്രുതയാണ് തെളിഞ്ഞു കാണുന്നത്. മോശയുടെ സംഗതിയിലോ അവന്റെ സ്ഥാനത്തെയും വേലയേയും നിഷേധിക്കുന്നതായി കാണുന്നു. യോസഫിനെക്കുറിച്ചു വായിക്കുന്നത് ഇങ്ങനെയാണ്. "അപ്പൻ തങ്ങളെ എല്ലാവരെക്കാളും അവനെ അധികം സ്നേഹിക്കുന്നു എന്ന് അവന്റെ സഹോദരന്മാർ കണ്ടിട്ട് അവനെ പകച്ചു; അവനോടു സമാധാനമായി സംസാരിപ്പാൻ അവർക്കു കഴിഞ്ഞില്ല." (ഉല്പ: ൩൭: ൪) മോശയുടെ കാര്യത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകളിതാകുന്നു. "നിന്നെ ഞങ്ങൾക്കു പ്രഭുവും ന്യായാധിപതിയും ആക്കിയവൻ ആര്." (പു. ൨: ൧൪) ചുരുക്കത്തിൽ പറഞ്ഞാൽ യോസഫിനെ അവർ വ്യക്തിപരമായി പകച്ചു. മോശയെ ഔദ്യോഗികമായി നിഷേധിച്ചു.

സഭയുടെ വധുത്വമായ മർമ്മം ദൃഷ്ടാന്തീകരിക്കുന്ന രീതിയിലും ആ രണ്ടു പഴയ നിയമവിശുദ്ധന്മാരുടെ ജീവചരിത്രം യോജിക്കുന്നു. "സിപ്പോറയിൽനിന്നു തീരെ വ്യത്യാസപ്പെട്ട ഒരു കാഴ്ചയത്രെ "ആസ്നത്ത്" നമുക്കു തരുന്നത്. യോസഫിന്റെ ഉന്നതികാലത്തു "ആസ്നത്ത്" യോജിപ്പിക്കപ്പെട്ടു. സിപ്പോറയോ മോശയുടെ ഗ്രവാസമായ മരുനിവാസത്തിലത്രെ (ഉല്പ. ൪൧: ൪൧,൪൫; റ: ൨. ൧൫; ൩.: ൧) യോസഫും മോശയും അന്യജാതി സ്ത്രീകളോടുള്ള യോജിപ്പിന്റെ ഘട്ടത്തിൽ തങ്ങളുടെ സഹോദരന്മാരാൽ നിഷേധിക്കപ്പെട്ടിരുന്നു. എന്നുള്ളതു സത്യം തന്നെ. എന്നാൽ യോസഫ് "മിസ്രയിമിന്നൊക്കെയും അധിപതി"യായിരിക്കെ മോശ "മരുഭൂമിക്കപ്പുറത്ത് ഏതാനും ആടുകളെ മേയ്ക്കു മാത്രമായിരുന്നു.

അതുകൊണ്ടു നാം ക്രിസ്തുവിനെ മഹത്വത്തിൽ വെളിപ്പെടുവാനായിട്ടു ധ്യാനിക്കുമ്പോഴും ലോകദൃഷ്ടിക്ക് അന്തർഹിതനായി ധ്യാനിക്കുമ്പോഴും സഭ അവനോടുകൂടി ഒന്നിച്ചിണങ്ങിയ ബന്ധത്തിൽ ഇരിക്കയാണ്. ഇപ്പോൾ ലോകത്തിന് അവനെ കാണാൻ കഴിയാത്തതുകൊണ്ട് അവനോടു പൂർണ്ണമായി ഏകീഭവിച്ചിരിക്കുന്ന ശരീരത്തെക്കുറിച്ച് അറിവാൻ സാധിക്കയില്ല. "ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല" (1 യോഹ: 3. 1) അല്പകാലശേഷം ക്രിസ്തു തന്റെ മഹത്വത്തിൽ വെളിപ്പെടും. അവനോടുകൂടി സഭയും ഉണ്ടായിരിക്കും." "നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടി തേജസ്സിൽ വെളിപ്പെടും." (കൊലൊ: 3. 4) കൂടാതെ "നീ എനിക്കു

തന്നിട്ടുള്ള മഹത്വം ഞാൻ അവൎക്കു കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും, നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവർ ആകേണ്ടതിനു തന്നെ. (യോഹ: 17, 22; 23) *

സഭയുടെ ഉന്നതത്വവും വിശുദ്ധവുമായ സ്ഥിതി ഇതാകുന്നു. അവരും, ഈ ലോകത്താൽ പുറത്താക്കപ്പെട്ടവനും, എന്നാൽ സ്വൎഗ്ഗങ്ങളിൽ മഹിമയുടെ സിംഹാസനത്തിൽ ഇരിക്കുന്നവനുമായ അവനോടു ഒന്നായി ഇരിക്കുന്നു. അവർ അവന്റെ ഇപ്പോഴത്തെ നിരസനത്തിലും അവനു വരുവാനുള്ള മഹത്വത്തിലും അവനോടുകൂടി പങ്കാളി ആകേണ്ടതിനുള്ള ഭാരം കൎത്താവായ യേശു സ്വയം ക്രൂശിൽ വെച്ചു വഹിച്ചു. ഇപ്രകാരം ഉന്നതമായ ഒരു പദവി ലഭിച്ചിട്ടുള്ള ശരീരത്തിന്റെ ഭാഗമായി തീൎന്ന ഏവൎക്കും തങ്ങളുടെ നടപടികളും സ്വഭാവത്തിനും അനുസരിച്ചാണു തങ്ങളുടെ ഭാവിസ്ഥിതി എന്നുള്ള ശക്തിയായ ബോധം ഉണ്ടായിരുന്നു എങ്കിൽ നന്നായിരുന്നു. കൎത്താവു എത്രത്തോളം സ്നേഹംകൊണ്ടു അവരെ സ്നേഹിച്ചുവോ, ആ സ്നേഹത്തിനും എത്രത്തോളം രക്ഷകൊണ്ടു് അവരെ രക്ഷിച്ചുവോ ആ രക്ഷയ്ക്കും എത്രത്തോളം ഉയൎച്ച അവൎക്കുണ്ടാകുമോ ആ ഉയൎച്ചയ്ക്കും അധികം പൂൎണ്ണവും സ്പഷ്ടവുമായ ഒരു ഉത്തരവാദിത്വം എല്ലാ ദൈവമക്കളുടെയും ഭാഗത്തു നിശ്ചയമായി ഉണ്ടായിരിക്കേണം. ക്രിസ്ത്യാനിയുടെ നടപ്പു എപ്പോഴും തന്റെ പദവിയെക്കുറിച്ചുള്ള ശരിയായ ബോധത്തിന്റെ സ്വാഭാവിക ഫലമായിരിക്കേണം. അല്ലാതെ ന്യായപ്രമാണസംബന്ധമായ നേൎച്ചകളുടേയോ ശപഥങ്ങളുടേയോ നിൎബന്ധത്തിൽ നിന്നുള്ള ഫലമായിരിക്കരുതു്. വിശ്വാസത്താൽ അറിയപ്പെടുന്നതും അനുഭവിക്കപ്പെടുന്നതുമായ അവസ്ഥയുടെ ശരിയായ ഫലമായിരിക്കേണം. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു നിലയിലെത്തണമെന്നു കരുതി ഒരുവൻ ചെയ്യുന്ന സ്വന്തപരിശ്രമങ്ങളുടെ ഫലമായിരിക്കരുതു്. എല്ലാ സത്യവിശ്വാസികളും ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരു ഭാഗമാകുന്നു. അതിനാൽ ആ സംബന്ധത്തിനു യോഗ്യമായ സ്നേഹം അവൎക്കു അവനോടു ഉണ്ടായിരിക്കേണം ഈ സംബന്ധം സ്നേഹത്തിൽ നിന്നും ഉണ്ടാകുന്നതല്ല. പിന്നെയോ, സ്നേഹം സംബന്ധത്തിൽ നിന്നു ഒഴുകുന്നു എന്നു മാത്രം.

അല്ലയോ പ്രഭോ! നിനക്കു ഇഷ്ടന്മാരും നിന്റെ രക്തത്താൽ വിലക്കു കൊള്ളപ്പെട്ടവരുമായ ജനങ്ങളുടെ സംഗതിയിൽ ഇതു യഥാൎത്ഥമായി തീരട്ടെ.

* യോഹ: 17:21·23 ഈ വാക്യങ്ങളിൽ പറയപ്പെട്ടിരിക്കുന്ന വ്യത്യസ്തങ്ങളായ രണ്ടു ഐക്യങ്ങൾ ഉണ്ടു. അവയിൽ ഒന്നാമത്തേതു സഭ പാലിച്ചു പോരേണ്ട ഐക്യമാണു. ഈ സംഗതിയിൽ സഭ തീരെ പരാജയപ്പെടുകയാണു ഉണ്ടായിട്ടുള്ളതു. രണ്ടാമത്തേതു യാതൊരു വീഴ്ചയും വരാതെ ദൈവം തന്നെ പൂൎത്തീകരിക്കുന്ന ഐക്യമാണു. അവാൻ ഒരു തേജസ്സിൽ സ്പഷ്ടമാകും. വായനക്കാരൻ ആ വാക്യത്തെ ശ്രദ്ധിക്കുന്നതായാൽ രണ്ടു ഐക്യങ്ങളും തമ്മിലുള്ള സ്വഭാവത്തിന്റെയും സാഫല്യത്തിന്റെയും വ്യത്യാസം ഉടൻ കാണും.

# എന്റെ അനുഭവസാക്ഷ്യം.

## തുടർച്ച.

(പി. സി. ജോൺ കുമ്പനാട്)

---

ഇതിന്റെശേഷം സുവിശേഷവേലയെക്കുറിച്ചുള്ള വലിയ അഭിരുചി പൂർവ്വാധികം എന്നിൽ ഉദിച്ചു. രക്ഷാസൈന്യക്കാരുടെ വേല ഈ നാട്ടിൽ തുടങ്ങിയപ്പോൾ അവരോടുചേർന്നു വേല ചെയ്യുവാൻ എന്റെ മനസ്സിൽ വളരെ ആഗ്രഹമുണ്ടായെങ്കിലും പല കാര്യങ്ങളാൽ പിന്തിരികയാണു ചെയ്തതു്. ദൈവവചനത്തോടുള്ള താല്പര്യം വർദ്ധിച്ചു വരികയാൽ സമുദായനടപടികളിൽ പലതിനോടും വിരക്തി തോന്നിത്തുടങ്ങി. വേർപാടിന്റെ പ്രകാശം എന്റെ ഹൃദയത്തിൽ അല്പാല്പമായി തെളിഞ്ഞുവന്നു. ഒരിക്കൽ പള്ളിയിൽവെച്ചു പട്ടക്കാരൻ ഇപ്പോൾ കോതമ്പും കളയും ഒന്നിച്ചു വളരേണ്ടതാണെന്നു് പ്രസംഗിക്കയും അങ്ങനെ അല്ലയോ എന്നു് താൻ പ്രസംഗമദ്ധ്യേ എന്നോടു പരസ്യമായി ചോദിക്കയും ചെയ്തു. അപ്പോൾ വയൽ ലോകമാകുന്നു എന്നും, ലോകത്തിലാണു് കോതമ്പും കളയും ഒന്നിച്ചു വളരേണ്ടതെന്നും, സഭയിലല്ല എന്നും ഞാൻ പരസ്യമായി മറുപടി പറഞ്ഞപ്പോൾ അദ്ദേഹം കോപാന്ധനായി വന്നു് എന്റെ ചെകിട്ടത്തടിച്ചു. വചനപ്രകാരം ഉടനെ ഞാൻ വലത്തെ ചെകിടു കാണിച്ചുകൊടുത്തു. അപ്പോൾ അടിച്ച ചെകിട്ടിൽ തന്നെ വീണ്ടും അടിച്ചു. ഞാൻ മുൻപു തല്ലുകാരനും ഉപദ്രവിയും ആയിരുന്നതുകൊണ്ടു് ഇതു് അതിനുപകരം കിട്ടിയതാണെന്നു വിചാരിച്ചു പള്ളിയിൽ തന്നെ മുട്ടുകുത്തി പ്രാർത്ഥിച്ചു. പള്ളിപിരിഞ്ഞു ഞാൻ തിരിച്ചു വീട്ടിൽ വന്നപ്പോൾ അടികൊണ്ടു വീങ്ങിയിരുന്ന എന്റെ ചെകിട്ടുകണ്ടു് എന്റെ അമ്മയും ഭാര്യയും വളരെ നിലവിളിച്ചു. പ്രവൃ: ൫:൪൦; ൪൧ ഈ വാക്യങ്ങൾ ഞാൻ അവരെ വായിച്ചു കേൾപ്പിച്ചു. സമുദായത്തിൽനിന്നു വേർപെട്ടു നിൽക്കണമെന്നു് ആഗ്രഹിച്ചുകൊണ്ടിരുന്ന റവ: പി. ഇ. മാമ്മൻ അവർകളും (പിന്നീടു ബ്രദർ പി. ഇ. മാമ്മൻ) ഈ വിവരമറിഞ്ഞു ഞങ്ങളുടെ വീട്ടിൽ വരികയും, ഞങ്ങൾ ഇരുവരുംകൂടി അദ്ദേഹത്തിന്റെ വസതിയിൽ പോയി കുറെ സമയം പ്രാർത്ഥനയിൽ കഴിച്ചുകൂട്ടുകയും ചെയ്തു. ഈ ഘട്ടം മുതലാണു് വേർപെട്ടു നിൽക്കണമെന്നാഗ്രഹിച്ചുകൊണ്ടിരുന്ന സഹോദരന്മാർ സ്ഥലത്തു ഏകീഭവിക്കുവാൻ തുടങ്ങിയതു്. മദ്ധ്യതിരുവിതാംകൂറിലെ വേർപെട്ട വിശ്വാസികളുടെ ആദ്യഫലമായി തീർന്നതു് ഈ ചെറിയ സംഘമായിരുന്നു.

റവ: പി. ഇ. മാമ്മൻ (ബ്രദർ പി. ഇ. മാമ്മൻ) കശീശ്ശാ അവർകൾ കുന്നംകുളത്തു പോയി വിശ്വാസസ്നാനം സ്വീകരിച്ചു തിരികെ വന്നപ്പോൾ കർത്താവിനോടുകൂടി വിശ്വാസത്താൽ അടക്കപ്പെടുന്നതിനെ സദൃശീകരിക്കുന്ന നിമജ്ജനസ്നാനം ആവശ്യമാണെന്നു് എനിക്കു നിശ്ചയം വരികയും അതിൻവണ്ണം മററു പലരോടുകൂടി ഞാനും ഒരുങ്ങുകയും ചെയ്തു. ഈ അപൂർവ്വകാഴ്ച കാണ്മാൻ പുറവേലത്തെ ആളുകൾ വലിയ കൂട്ടമായി കൂടി ഞങ്ങളെ ഉപദ്രവിപ്പാൻ ഭാവിച്ചെങ്കിലും കർത്താവു് അവരുടെ കൈയിൽനിന്നും ഞങ്ങളെ രക്ഷിച്ചു. സ്നാനപ്പെട്ടശേഷം പലരെ

യുംസഭാഭവനങ്ങളിൽനിന്നു പുറത്താക്കിയതിനാൽ വൃക്ഷത്തിന്റെ തണലിലും മറവുമാണ് ആരാധനയ്ക്കായി കൂടിവന്നതു്. ലൗകികന്മാരുടെ നിന്ദയും വിരോധവും സഹിച്ചുകൊണ്ടു ലോകത്തിനു ഒരു കൂത്തുകാഴ്ചയായി തീൎന്നുവെങ്കിലും ഞങ്ങളുടെ പക്ഷത്തു ദൈവം ഉണ്ടായിരുന്നു.

സകലവും വിട്ടു കൎത്താവിന്റെ വേല ചെയ്യുന്നതിനെ സംബന്ധിച്ചു പിന്നീടു എന്റെ മനസ്സിൽ ശക്തിയായി ബോധം ഉണ്ടായി. ഒരു ദിവസം രാത്രി ഈ വിചാരത്തോടുകൂടി കിടന്നുറങ്ങി. ആ രാത്രി എഴുനേററു പ്രാൎത്ഥിച്ചു. അതിനോടുകൂടി വേദപുസ്തകം എടുത്തു നിവൎത്തു ഒരു വേദവാക്യത്തിന്മേൽ കൈവിരൽ വെച്ചുടയാളപ്പെടുത്തി. ഞാൻ വേല ചെയ്യുന്നതിനെപ്പററിയുള്ള ദൈവേഷ്ടം എന്താണെന്നറിയുന്നതിനായിട്ടാണ്. (ആത്മിക ശിശുത്വത്തിനനുസരിച്ചു) ഈ പരീക്ഷ നടത്തിയതു്. നേരം വെളുത്തപ്പോൾ അടയാളം കൊടുത്തവാക്യം എടുത്തു നോക്കിയപ്പോൾ ലൂക്കോ: ൫: ൧൦, ൧൧ വാക്യങ്ങളായിരുന്നു. "ഞാൻ നിന്നെ മനുഷ്യരെ പിടിക്കുന്നവനാക്കും" എന്നു കൎത്താവു പത്രോസിനോടു പറഞ്ഞ ഈ വാക്യം എനിക്കുള്ള ഒരു വിളിയായിരുന്നു എന്നു ബോദ്ധ്യപ്പെട്ടതുകൂടാതെ പല വിശ്വാസികളുടേയും അഭിപ്രായവും ഇതിനോടു യോജിച്ചു വന്നു.

ഈ സന്ദൎഭത്തിലാണ് മി: ബേൎഡുസായ്പു തിരുവിതാംകൂറിൽ വന്നതു്. അദ്ദേഹം വേൎപെട്ടു നിന്ന വിശ്വാസികളുടെ കൂട്ടങ്ങളിൽ പലയിടത്തും യോഗങ്ങൾ നടത്തി. അദ്ദേഹത്തിന്റെ പ്രസംഗവിഷയം മുഖ്യമായി സമാഗമനകൂടാരവും ഉപകരണങ്ങളും എന്നുള്ളതായിരുന്നു. വാസ്തവത്തിൽ ക്രിസ്തുവിനേയും സഭയേയും കുറിച്ചുള്ള നിൎമ്മലസുവിശേഷോപദേശങ്ങൾ പ്രസ്പഷ്ടമായി മനസ്സിലാക്കുവാൻ സംഗതിയായതു ഈ അവസരത്തിലാണ്. ഇവിടെയുള്ള സുവിശേഷവേലക്കാരുടെ ഒരു യോഗവും അദ്ദേഹം സ്ഥാപിക്കയുണ്ടായി. കൎത്തൃവേലയ്ക്കായി മുൻപുതന്നെ തീരുമാനിച്ചിരുന്ന ഞാനും ആ കൂട്ടത്തിൽ ഒരുവനായിത്തീൎന്നു. അദ്ദേഹം എന്നെ വളരെ സ്നേഹിക്കുകയും കൂട്ടായ്മ കാണിക്കയും ചെയ്തു. ഇതിനെ തുടൎന്നു മി: മെയിനാൎഡ്, മി: സ്റ്റെയിൻസ് മുതലായ അനേക മിഷ്യനറിമാരും ഇവിടെവന്നു ഫലകരമായ വേലകൾ നടത്തുകയുണ്ടായി. ഈ വേലകൾ കൊണ്ടും കൂട്ടായ്മ കൊണ്ടും ഞാൻ പൂൎവ്വാധികം ശക്തിപ്പെടുകയും കൎത്താവു കാണിച്ചുതന്ന വഴിയിൽ നിന്നും താൻ വിളിച്ചാക്കിയ വേലയിൽ നിന്നും മാറാതെ ഇന്നുവരെ സ്ഥിരമായി നില്ക്കത്തക്കവണ്ണമുള്ള അഭിവൃദ്ധിയിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽപിന്നീടുള്ള സംഗതികൾ ദൈവേഷ്ടമായാൽ വേറൊരവസരത്തിൽ പ്രസ്താവിക്കാമെന്നു കരുതി ഇപ്പോൾ സമാപിപ്പിക്കുന്നു.

ഭക്തനായ യോശുവ, ഞാനും എന്റെ കുടുംബവും യഹോവയെ സേവിക്കും എന്നു പറഞ്ഞപ്രകാരം എളിയവനായ ഞാനും കുടുംബസഹിതം ദൈവത്തെ ആരാധിച്ചുകൊണ്ടു് എന്റെ ഓട്ടം ഓടി വിശ്വാസം കാത്തുകൊള്ളുവാനും, സഭയിൽ തക്ക സമയത്തു ആഹാരവീതം ഭാഗിച്ചുകൊടുക്കുന്ന വിശ്വസ്ഥദാസനായിരിപ്പാനും എല്ലാ വിശുദ്ധന്മാരും എനിക്കുവേണ്ടി പ്രാൎത്ഥിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഈ സാക്ഷ്യം അവസാനിപ്പിച്ചുകൊള്ളുന്നു.

# ഒരു സുവിശേഷ പ്രസംഗയാത്ര

സുവിശേഷ പ്രചരണോദ്യമത്തിൽ ഓരോ വിശ്വാസിക്കുമുള്ള ഉത്തരവാദിത്വത്തേയും, അതിൽ ഭാഗഭാക്കാകുന്നതിനാലുള്ള അനുഗ്രഹത്തേയും മനസ്സിലാക്കി, ആരുടേയും നിർബ്ബന്ധമോ ഹേമമൊ കൂടാതെ പത്തുപതിനാറു വർഷങ്ങളായി, ഓരോ ആണ്ടിലും, മേടമാസംതോറും തുടർച്ചയായി നടത്തിവരുന്നതത്രേ ഈ പ്രസംഗയാത്ര. മദ്ധ്യതിരുവിതാംകൂർ വേർപാടു സംഘക്കാർ എന്നറിയപ്പെടുന്നവരുടെ ഭാരവാഹിത്വത്തിലാണ് ഈ വേല നടത്തപ്പെടുന്നതു്. വേർപാടുസംഘത്തിലുള്ള യുവാക്കന്മാർ സുവിശേഷവേലയിൽ താല്പര്യവും, പരിശീലനവും ഉള്ളവരായിത്തീരണമെന്നും, അതിപ്രധാനങ്ങളായി കരുതിവരുന്ന ലൌകിക ജോലികൾ ഒന്നുരണ്ടാഴ്ചത്തേക്ക് മാററിവെച്ചിട്ട് സ്വന്തചിലവിൽ സുവിശേഷം അറിയിക്കുന്നതിന് സൌകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നും ആണ് ഭാരവാഹികളുടെ ഉദ്ദേശങ്ങളിലൊന്ന്. മറെറാന്ന്, ക്രിസ്തുവിനെപ്പററി അറിഞ്ഞിട്ടില്ലാത്ത ഇടങ്ങളിൽ ആണ്ടുതോറും പോയി ക്രിസ്തുവിനെ സാക്ഷിക്കണമെന്നുള്ളതാണ്. കഴിഞ്ഞ പതിനാറു കൊല്ലങ്ങൾകൊണ്ട് തിരുവിതാംകൂറിൽ, തണ്ണീർമുക്കം കടൽപുറം മുതൽ അഞ്ചുതെങ്ങ് കടപ്പുറംവരെയും തെക്ക്; തിരുവനന്തപുരം, നെയ്യാററിൻകര ആദിയായ സ്ഥലങ്ങളുടെ വടക്ക്; അങ്കമാലി, പറവൂർ മുതലായ പ്രദേശങ്ങൾവരെയും, മദ്ധ്യ തിരുവിതാംകൂറിലുള്ള മിക്ക പട്ടണങ്ങളിലും ഗ്രാമങ്ങളിലും, പടിഞ്ഞാറ്; ആലപ്പുഴ മുതൽ കിഴക്ക്; പീരുമേട്ട്, ചെങ്കോട്ട എന്നീ ഇടങ്ങൾവരെയുള്ള മിക്ക ഭാഗങ്ങളിലും, കൂടാതെ; തമിഴ് നാട്ടുകളിലും, കൊച്ചിരാജ്യത്തിൽപെട്ട ചില ടൌണുകളിലും, അനുഗ്രഹിക്കപ്പെട്ട കർത്താവിന്റെ സുവിശേഷം ഘോഷിക്കുവാൻ ഇടയായതിൽ കർത്താവിനെ സ്തുതിച്ചുകൊള്ളുന്നു.

തുടരെ യാത്രാംഗങ്ങൾ ആയിരുന്നവർ ചുരുക്കമാണ്. ഓരോ ആണ്ടിലും പുതുതായി രണ്ടും മൂന്നും ആളുകൾ വീതം ഈ വേലയിൽ പങ്കെടുക്കുവാനും താല്പര്യമുള്ളവരായി കണ്ടുവരുന്നുണ്ട്.

ദൈവകൃപയാൽ ഈ മേടമാസത്തിലും ൨-ാംനു റാന്നിയിൽ നിന്നും യാത്ര തുടരുന്നതിനു ഞങ്ങൾക്കിടയായി. യാത്രാംഗങ്ങൾ: കുഞ്ഞച്ചൻ ഉപദേശി അവർകൾ (അടൂർ) മെസ്സേഴ്സ് കൊച്ചുകോശി (കീക്കൊഴൂർ,) കോളാകോട്ട് ജോസഫ് (കണ്ടൻപേരൂർ,) വാഴയിൽ പോത്തൻ (മണ്ണാരത്തറ,) പി. സി. മത്തായി (റാന്നി,) വി. പി. മത്തായി (റാന്നി,) കെ. ഇ. തോമസ് (റാന്നി,) ശുശ്രൂഷയ്ക്കു പുന്നമൂട്ടിൽ കുഞ്ഞച്ചൻ (റാന്നി) ഇങ്ങനെ എട്ടുപേർ ആയിരുന്നു. ഇതിൽ മൂന്നുപേർ പുതുതായി യാത്രയ്ക്കു വന്നിരുന്നവർ ആണ്. മേടം ൨-ാംനു മുതൽ 14-ാംനു-വരെ പ്രവർത്തനദിവസങ്ങൾ ആയിരുന്നു. കനകപ്പലം ബി. എം. സ്കൂളിൽ താമസിച്ചുകൊണ്ട് ചെറുവള്ളി, കനകപ്പലം, വെട്ടുകല്ലാംതിരവിതം, എരുമേലിപ്പേട്ട എന്നീ സ്ഥലങ്ങളിലും; മുണ്ടക്കയത്തു് ബെയണർ മി. മത്തായി സഹോദരന്റെ വസതിയിൽ

താമസിച്ച് വെള്ളനാടി തോട്ടത്തിലും, മുണ്ടക്കയം പഴയ ചന്തയിലും, പുതിയ ചന്തയിലും, ന്യൂ-ാംമൈയിൽ റോഡ് സൈഡിലും, ബോയിസ്സ്, കൊക്കയാർ, മുക്കുളം, എന്നീ റബ്ബർ തോട്ടങ്ങളിലും; പീരുമേട്ടിൽ ബോണാമി റ്റീതോട്ടം റയിട്ടർ പീലികണ്ടവർകളുടെ ബംഗ്ലാവിൽ താമസിച്ചുകൊണ്ട് മുണ്ടപ്പാ ചന്തയിലും ബോണാമി, ചെമ്മണ്ണ്, മേലെപ്പെരുന്തറ, കീഴെപ്പെരുന്തറ, കാവുകുളം, വാകമണ്ണ്, കോട്ടമല, കോഴിക്കാനം, എലിബറി, കരിങ്കുളം, കരിന്തിരി, ശീന്തലാർ, എന്നീ റ്റീതോട്ടങ്ങളിലും; മുണ്ടക്കയത്തുള്ള പാലൂർ തോട്ടത്തിൽ താമസിച്ചുകൊണ്ടു പാലൂർ, ആനക്കുളം, മണിക്കല്ല്, എന്നീ റബ്ബർ തോട്ടങ്ങളിലും പരസ്യ പ്രസംഗങ്ങൾമൂലവും, ട്രാക്റ്റുവിതരണത്താലും, ആളുംപ്രതിയുള്ള സംഭാഷണങ്ങളാലും മററും ക്രിസ്തുവിൻെറ ജീവനുള്ള സുവിശേഷത്തിനു സാക്ഷ്യം വഹിപ്പാൻ കൃപയാൽ ഞങ്ങൾക്കിടയായി.

ഞങ്ങളുടെ യാത്രാസ്ഥലങ്ങളിൽ ഒന്നായ എരുമേലിപ്പേട്ട "പുരാതനമായിത്തന്നെ മുഹമ്മദീയർ അധിവസിച്ചുവരുന്ന ഒരു സ്ഥലമാകുന്നു. ഇവിടെ ഇതരമതക്കാരോ ഇതരമത സ്ഥാപനകളോ ഇല്ലെന്നു മാത്രമല്ല ക്രിസ്തീയ പ്രവൎത്തനമോ, സുവിശേഷവേലയോ ഇവിടെ നടന്നിട്ടുള്ളതായി അറിയുന്നുമില്ല.

ഞങ്ങൾ ഇവിടെ നടത്തിയ വേലയിൽവളരെ മുഹമ്മദീയപുരുഷന്മാരും, അവരുടെ സ്ത്രീജനങ്ങളും കുറേനേരം ശാന്തമായി ശ്രദ്ധിച്ചുകൊണ്ടിരുന്നു. വേലയുടെ മദ്ധ്യത്തിൽ ഒരാൾ—ഒരു വിശേഷ്യമുഹമ്മദനാണെന്നു തോന്നുന്നു—ജനങ്ങളെ വശീകരിച്ചു എതിൎപ്പുണ്ടാക്കി വേലയ്ക്കു തടസ്സം ചെയ്തു. എങ്കിലും "കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാൻ വന്ന രക്ഷിതാവ്, ഈ വേലയെ വേറൊരു വിധത്തിൽ അനുഗ്രഹപ്രദമാക്കിത്തീൎത്തു. എങ്ങിനെയെന്നാൽ ഇമ്പാമൺ സ്വദേശിയും, ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളൎന്നവരുമായ ഏബ്രഹാം എന്നൊരു യുവാവ് കുടുംബസംബന്ധമായ പ്രയാസങ്ങളാലും മററു മനോഭാരംകൊണ്ടും എവിടെയെങ്കിലും പോയി ജീവനെ ത്യജിക്കുന്നതിനു നിശ്ചയിച്ചു ഞങ്ങൾ വേല ചെയ്യുന്ന സ്ഥലത്തുകൂടി കടന്നുവരുമ്പോൾ വചനം കേട്ടു ഹൃദയത്തിൽ കുത്തുകൊണ്ടതിനാൽ, ഞങ്ങളുടെ താമസസ്ഥലത്തു വന്നു, പാപം ഏററുപറഞ്ഞു പ്രാൎത്ഥിക്കയും ഹൃദയത്തിൽ ആശ്വാസമുള്ളവനായി സ്വദേശത്തേക്കു മടങ്ങുകയും ചെയ്തു. ഈ സന്തോഷവാൎത്ത ദൈവനാമമഹത്വത്തേയും, ഈ യുവാവിനു വേണ്ടി വിശ്വാസികളുടെ ശ്രദ്ധയേറിയ പ്രാൎത്ഥനയേയും കാംക്ഷിച്ചു രേഖപ്പെടുത്തിക്കൊള്ളുന്നു.

റബ്ബർതോട്ടങ്ങളിലേക്കും, റ്റീതോട്ടങ്ങളിലേക്കുമുള്ള സഞ്ചാരം ഏററവും ആവശ്യമായിട്ടുള്ളതാണ്. മലകളിലും കൊക്കകളിലും ആയി റബ്ബർമരങ്ങളുടേയും, തേയിലച്ചെടികളുടേയും ഇടയിൽ അവിടവിടെ കെട്ടി ഉണ്ടാക്കിയിട്ടുള്ള ലായങ്ങളിലും മററും അന്യനാടുകളിൽനിന്നു വന്നുപാൎക്കുന്ന അനവധി ജനങ്ങളെ ഇവിടെ കാണുമാറുണ്ട്. മാൎഗ്ഗംതന്നെ ഈ ജനങ്ങളുടെ ചിന്തയ്ക്കു വിഷയമായിട്ടില്ല. ക്രിസ്തീയസമുദായങ്ങളിൽ ജനിച്ചുവളൎന്നിട്ടുള്ളവർ വല്ലതും കേൾക്കുകയോ അറിയുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഇവിടെ വന്നശേഷം അ

ത്തും 'നാസ്തി'യായി ഭവിച്ചിട്ടു [illegible] സ്നേഹിതന്മാരുമായി ഞങ്ങൾ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ:—ദൈവത്തെ സേവിച്ചു ജീവിക്കുന്നതു നല്ലതും, ആവശ്യവുമാണ്. എന്നാൽ ഈ തോട്ടങ്ങളിൽ അതു സാദ്ധ്യമല്ലെന്നും, നിങ്ങളുടെ പ്രസംഗങ്ങളാൽ ഇവിടെ വല്ലവരും ഒരു നിമിഷമെങ്കിലും പാപം ചെയ്യാതിരിക്കുമെങ്കിൽ അതു ഗണ്യമായ പുണ്യമാണെന്നും അവർ പറയുകയുണ്ടായി.

പാലൂർ തോട്ടത്തിലെ പ്രധാന റൈട്ടരായ മി: കെ. കെ. ശങ്കരനും, ഒരു ധനവാനും അനേക തോട്ടങ്ങളിൽ അനവധി ആളുകളെ ചേർത്തു ജോലി ചെയ്യിക്കുന്ന ഒരു കൺട്രാക്റ്ററായ വല്ലാട്ടു രാമൻ നായർകളും ക്രിസ്ത്യാനിത്വത്തോടു വളരെ താല്പര്യമുള്ളവരാണ്. അവർ ഈ ദിവ്യഗ്രന്ഥത്തെ സ്നേഹിക്കുകയും അദ്ധ്യയനം ചെയ്കയും ചെയ്യുന്നുണ്ട്. ഞങ്ങളെ അവർ സന്തോഷപൂർവ്വം സ്വീകരിച്ചതുകൂടാതെ അവരുടെ കീഴിലുള്ള കൂലിക്കാരുടെ ഇടയിൽ യോഗങ്ങൾ നടത്തുന്നതിനു തോട്ടം സാഹിബന്മാരെക്കൊണ്ടു അനുവദിപ്പിക്കുകയും ചെയ്തു. ദൈവവചനം കേൾക്കുന്നതിൽ അവർ വലിയ താല്പര്യം പ്രദർശിപ്പിക്കയുണ്ടായി. അവരുടെ അനുകൂല്യങ്ങളാൽ ആ തോട്ടത്തിലെ സായ്പന്മാരോടും ക്രിസ്തുവിനെപ്പറ്റി പറയുവാൻ ഞങ്ങൾക്കു സൗകര്യം കിട്ടിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

യെശയ്യാവിന്റെ പ്രവചനം [illegible] വരെയും, [illegible] വരെയും [illegible] വരെയും ഉള്ള വാക്യങ്ങളിൽ നാം വായിക്കുന്നപ്രകാരമുള്ള അനവധി ജനങ്ങളെ ദൈവസന്നിധിയിൽ ഉയർത്തി പ്രാർത്ഥിക്കുവാനും, യിരമ്യാവെപ്പോലെ അധികമധികം പ്രവർത്തിക്കുവാനും, മാധുര്യമേറിയ രക്ഷയെ അനുഭവിക്കുന്ന എല്ലാ വിശ്വാസികളും കടപ്പെട്ടവരാണ് എന്നു ഓർപ്പിച്ചുകൊണ്ടും, ചെയ്തിട്ടുള്ള വേലകളാൽ നിത്യതയിൽ അധിക ഫലം കാണ്മാൻ ഏവരും പ്രാർത്ഥിക്കണമെന്നപേക്ഷിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

പി. സി. മത്തായി, റാന്നി.

---

## B

പടിഞ്ഞാറൻസെന്റർ ബി. വൈ. എം. സി. എ.-യുടെ ആഭിമുഖ്യത്തിൽ പ്രതിവർഷം നടത്തിവരാറുള്ള സുവിശേഷയാത്ര, കഴിഞ്ഞ മേടം [illegible]-ാംനു- കുമ്പനാട്ടുനിന്നും ആരംഭിച്ചു. ആരംഭത്തിൽ കുമ്പനാട്ടു സഭാംഗമായ വാത്തിത്തറ ചാക്കോ, കപ്പൂങ്ങാപ്രയാർ സഭയിൽപെട്ട എലിമുള്ളിൽ തോമ്മാ, കണിച്ചുകുളം സഭയിൽനിന്നും ആറാവനാട്ടു വറുഗീസ് എന്നീ സഹോദരന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അന്നു തന്നെ യാത്രക്കാർ പുളിക്കീഴ് എന്റെ വസതിയിൽവന്നു താമസിച്ചു. പിറ്റേദിവസം രാവിലെ ഞങ്ങൾ ഒരുമിച്ചു ബോട്ടുമാർഗ്ഗം ആലപ്പുഴ ചെന്നുചേർന്നു. സ്ഥലം വൈ. എം. സി. എ. ഭാരവാഹികൾ ഞങ്ങളെ സസന്തോഷം സ്വീകരിച്ചതിനാൽ [illegible]-ാംനു-വരെ അവിടെ താമസിച്ചുകൊണ്ടു ടൌണിന്റെ പല ഭാഗങ്ങളിലും പരിസരങ്ങളിലുമായി വേല ചെയ്തു. അതിന്റെ ശേഷം അന്നു തന്നെ എറണാകുളത്തിനു പുറപ്പെട്ടു മിസ്റ്റർ ജോൺതോമസിന്റെ വസതിയിൽ താമസിച്ചു. [illegible]-ാംനു- അവിടെനിന്നും മലയാറ്റൂർ പള്ളിയിൽ പെരുനാളിനു കൂടിവരുന്ന അസം

ഷ്യം ജനങ്ങളോടു സുവിശേഷം അറിയിക്കുന്നതിനു സൗകര്യമുണ്ടെന്നു കേട്ടതിനാൽ നേരെ മലയാററൂർക്കു യാത്രയായി. അവിടെചെന്നു വേലയിൽ ഏർപ്പെട്ടപ്പോൾ കത്തോലിക്കർ വന്നു ബഹളമുണ്ടാക്കിയതിനാൽ ആളുംപ്രതി വേല ചെയ്യുന്നതിനും ലഘുലേഖകളും മററും വിതരണം ചെയ്യുന്നതിനും മാത്രമെ സാധിച്ചുള്ളു. വേല നടക്കുന്നതിനു സൗകര്യമില്ലെന്നു കണ്ടതിനാൽ അവിടെനിന്ന് അധികം വിദൂരമല്ലാത്ത അങ്കമാലിക്കു ഞങ്ങൾ പുറപ്പെട്ടു. അവിടെയുള്ള സഹോദരന്മാർ ഞങ്ങളെ സ്നേഹപൂർവ്വം കൈക്കൊണ്ടതിനാൽ ൧൮-ാംനു സഭായോഗത്തിനു സംബന്ധിച്ചു സന്തോഷമുള്ള കൂട്ടായ്മ അനുഭവിച്ചു. കൂടാതെ, അന്നും പിറേറദിവസവും അവിടെയുള്ള സഹോദരന്മാരും ഞങ്ങളും കൂടി പെരുനാളിനു വഴിയെ പോകയും വരികയും ചെയ്യുന്ന ജനത്തിയോടു സുവിശേഷം അറിയിച്ചു. അനന്തരം അവിടെനിന്നും പറവൂർവഴി വേലചെയ്തുകൊണ്ടു ഞങ്ങൾ കൊച്ചിയിലേക്കു മടങ്ങി. ആ ദിവസങ്ങളിൽ മെസ്സേഴ്സ് ഫോക്സ്, ഡേവീസ്, സ്റ്റുട്ടർ എന്നീ മിഷ്യനറിമാർ അവിടെ നടത്തിക്കൊണ്ടിരുന്ന പ്രസംഗയോഗങ്ങളിൽ രാത്രിതോറും സംബന്ധിക്കയും, പകൽതോറും കൊച്ചി ബോട്ടുകടവിലും മററുമായി വേലചെയ്തുകൊണ്ടു സഞ്ചരിക്കയുംചെയ്തു. അവിടെ നടന്ന വേലയുടെ ആരംഭത്തിൽതന്നെസുവിശേഷകൻമിസ്റ്റർ ററി. കെ. അബ്രഹാം (ഇടശേരിമല) പല സ്ഥലങ്ങളിൽ വേല ചെയ്തുകൊണ്ടു ഞങ്ങളോടുകൂടി ഭാഗഭാക്കായതിനാൽ വേലയ്ക്കു വളരെ ഊർജ്ജിതവും സഹായവും ഉണ്ടായി. അവിടെ നടന്ന ഒരു പബ്ലിക്ക് മീററിംഗിൽ മിഷ്യനറിമാരും ഞങ്ങളും ഒരുമിച്ചു വേല ചെയ്തു. കൊച്ചിയിൽ നടന്ന എല്ലാവേലകളിലും ധാരാളം ജനങ്ങൾ വന്നു പ്രസംഗം കേൾക്കുന്നതിൽ അഭിനിവേശം പ്രദർശിപ്പിച്ചു. അവിടെ താമസിച്ച ദിവസങ്ങളിൽ മിസ്റ്റർ ഇ. ഐ. ജേക്കബും സഹോദരന്മാരും ഞങ്ങളോടു വളരെ അനുഭാവം പ്രദർശിപ്പിച്ചു. പിന്നീടു (20-ാം തീയതി) എറണാകുളം ബോട്ടുകടവിൽ അനുഗ്രഹകരമായ ഒരു വേല നടന്നു.

അന്നുതന്നെ ഞങ്ങളിൽ രണ്ടുപേർ (അറവനാട്ടു വറുഗീസു, വാത്തിത്തറ ചാക്കോ) സ്വദേശത്തേക്കു മടങ്ങുകയും, രണ്ടുപേർ (ഞാനും എലിമുള്ളിൽ തോമ്മസ്സും) മിസ്റ്റർ ജോൺതോമസിൻെറ വസതിയിൽ താമസിച്ചു സഭായോഗത്തിനും മററും സംബന്ധിക്കയും, മിസ്റ്റർ ററി. കെ. അബ്രഹാം അന്നുതന്നെ വാളകത്തേക്കു പോകയും ചെയ്തു. അവിടെ മി. സി. ററി. മത്തായിയുടെ വസതിയിൽ താമസിച്ചും വച്ചു ഇത്തുക്കു പോയി. 27-ാം തീയതി വരെ അവിടെയുള്ള സഹോദരന്മാരുടെ സഹകരണത്തോടുകൂടി ടൌണിലും സഹോദരന്മാരുടെ വക ഹാളിലും വേല ചെയ്തു. 27-ാം തീയതി അവിടെ നിന്നും കുന്നംകുളം പാവു ആശാനുമൊരുമിച്ചു കോഴിക്കോട്ടു ചെന്നു ൩൦-ാം തീയതിവരെ രാത്രിയും പകലും പല വേലകൾ ചെയ്തുംവച്ച് അവിടെ നിന്നും തൃശ്ശൂർ വഴി ഇരിങ്ങാലക്കുടയും, അവിടെ നിന്നു പരിമല, ചങ്ങനാശേരി, കണിച്ചുകുളം, പുറമററം എന്നീ സ്ഥലങ്ങളിലും വേല ചെയ്തുകൊണ്ട് സ്വദേശത്തു ചെന്നുചേർന്നു. ഞങ്ങൾ എറണാകുളത്തുനിന്നു പുറപ്പെട്ട 23-ാം തീയതി ഇടതവാ പെരുനാൾ സ്ഥല

ളും 24-ാം തീയതി തിരുവല്ലാ പെരുനാറം സ്ഥലത്തും വേല ചെയ്തു. തിരുവല്ലാ നടന്ന വേലയിൽ കവിയനാട്ട്, അയനിക്കാട്ട മുതലായ സ്ഥലങ്ങളിൽ നിന്നു പല സഹോദരന്മാർ വന്നിരുന്നതു വേലയ്ക്കു വളരെ സഹായമായിരുന്നു.

ഞങ്ങൾ സഞ്ചരിച്ച എല്ലാസ്ഥലങ്ങളിലുമുള്ള സഹോദരന്മാർ ഞങ്ങളെ പ്രത്യേകം സ്വീകരിക്കയും കൂട്ടായ്മ കാണിക്കയും ചെയ്തു എന്നുള്ളതു കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. കൂടാതെ, ഈ സുവിശേഷയാത്രയുടെ ആവശ്യത്തിനുള്ള പണത്തിനും മററും വേണ്ട പ്രോത്സാഹനങ്ങൾ ചെയ്ത എല്ലാ സഹോദരന്മാരുടെയും പ്രവൎത്തനങ്ങൾ അഭിനന്ദനാർഹംതന്നെ.

എല്ലാററിനും മീതെ, "മർത്യനായ മനുഷ്യന് എത്തപ്പെട്ടുവാൻ കഴിയുന്നതിലേക്കം ശ്രേഷ്ഠമായതും, പ്രധാന ദൂതന്മാരിൽ അതിമഹാൻ കൂടെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതുമായ" സുവിശേഷവേലയിൽ പങ്കാളികളാക്കുന്നതിന് "എളിയവരെ ആശ്വസിപ്പിക്കുന്നവനായ ദൈവം" സാധുക്കളായ ഞങ്ങളെയും പ്രാപ്തിപ്പെടുത്തിയതുകൊണ്ട് ആ കരുണാനിധിയെ സ്തുതിച്ചുകൊണ്ടും മേലിലും ഈ മഹത്തരമായ വേലയ്ക്കു ഞങ്ങളെ ശക്തിപ്പെടുത്തണമെന്നു പ്രാർത്ഥിച്ചുകൊണ്ടും ഈ ചുരുങ്ങിയ വൃത്താന്തം ഉപസംഹരിച്ചുകൊള്ളുന്നു.

"ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല; നിർബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം! ഞാൻ അതു മനഃപൂർവ്വം നടത്തുന്നുവെങ്കിൽ എനിക്കു പ്രതിഫലം ഉണ്ടു." ൧ കോരി. ൯: ൧൬, ൧൭.

എന്ന് എ. സി. ജോൺ.

പുളിക്കീഴ്.

# വെളിപ്പാടുപുസ്തകം

## ൮. ആട്ടുകൊററൻ, കോലാട്ടുകൊററൻ, ഇവയെക്കുറിച്ചുള്ള ദർശനം

ചെറിയകൊമ്പിന്റെ അത്ഥവിവൃത്തി ദാനിയേലിനെ കുഴക്കിക്കളഞ്ഞു. ദാനിയേൽ ഇതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതു ഇങ്ങനെ ആകുന്നു. "ദാനിയേൽ എന്ന ഞാനോ എന്റെ വിചാരങ്ങളാൽ അത്യന്തം പരവശനായി. എന്റെ മുഖഭാവവും മാറി എങ്കിലും ഞാൻ ആ കാര്യം എന്റെ ഹൃദയത്തിൽ സംഗ്രഹിച്ചുവെച്ചു." (ദാനി: ൭. ൨൮) ഇതിന്റെ ശേഷം, ദൈവം അവനെ രണ്ടു വർഷം കഴിഞ്ഞു പേർഷ്യയുടെ പ്രധാന നഗരമായ ശൂശനിലേക്കു (ദർശനത്തിൽ) മാററി. ഊലായി നദീതീരത്തു അവൻ നിൽക്കുമ്പോൾ രണ്ടു കൊമ്പുള്ള ആട്ടുകൊററനെ ദർശനത്തിൽ കണ്ടു. ആ രണ്ടു കൊമ്പുകളിൽ ഒന്നു മറെറതിനെക്കാൾ ഉയർന്നതായിരുന്നു: ഉയർന്നകൊമ്പു ഒടുവിലത്രെ മുളച്ചതു: ആട്ടുകൊററൻ പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും തള്ളുന്നതു അവൻ

ൻകണ്ടു. അതിൻെറ മുൻപിൽനിൽക്കുവാൻ യാതൊന്നിനും കഴിഞ്ഞില്ല. തൻെറ ഇഷ്ടംപോലെ അതു പ്രവർത്തിച്ചു. [ദാനി:വ്യ ൪] ആട്ടുകൊററനെക്കുറിച്ചുള്ള ദർശനത്തിൻെറ അർത്ഥമെന്തെന്നു ദാനിയേൽ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കോലാട്ടുകൊററൻ പടിഞ്ഞാറുനിന്നു നിലംതൊടാതെ വരുന്നതുകണ്ടു. കോലാട്ടുകൊററൻെറ കണ്ണുകൾക്കു നടുവേ വിശേഷമായ ഒരു കൊമ്പു് അതിന്നുണ്ടായിരുന്നതു ദാനിയേൽ സൂക്ഷിച്ചു. ആ ആട്ടുകൊററൻ അടുത്തുവന്നപ്പോൾ കോപം ഇളകി അതിനെ ഇടിച്ചു രണ്ടുകൊമ്പും തകർത്തുകളകയും അതിനെ നിലത്തു തള്ളിയിട്ടു ചവിട്ടിക്കളകയും ചെയ്തു. അനന്തരം കോലാട്ടുകൊററൻ ഏററവും വലുതായിതീർന്നു. എന്നാൽ അതിന്റെ ശക്തി വർദ്ധിച്ചപ്പോൾ അതിൻെറ വലിയ കൊമ്പു തകർന്നുപോയി. അതിൻെറ സ്ഥാനത്തു ഭംഗിയുള്ള നാലുകൊമ്പുകൾ മുളച്ചുവന്നു. അവയിൽ ഒന്നിൽനിന്നു് ഒരു ചെറിയ കൊമ്പുപുറപ്പെട്ടു. അതു തെക്കോട്ടും കിഴക്കോട്ടും മനോഹരദേശത്തിന്നു നേരെയും ഏററവും വലുതായിതീർന്നു (ദാനി: വ്യ ൫-൯)

ദാനിയേൽ ഈ ദർശനത്തിൻെറ അർത്ഥമെന്താണെന്നു് അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ "ഗബ്രിയേലെ! ഇവന്നു ഈ ദർശനം ഗ്രഹിപ്പിച്ചുകൊടുക്ക" എന്നു് ഊലായ് തീരത്തുനിന്നു വിളിച്ചുപറയുന്ന ഒരു ശബ്ദം കേട്ടു. അപ്പോൾ ഗബ്രിയേൽ ദാനിയേലിനോട്ടു് ഈ ദർശനം അന്ത്യകാലത്തേക്കു (ജാതികളുടെ കാലത്തിൻെറ അന്ത്യം) ഉള്ളതാകുന്നു എന്നും, കോപാന്ത്യകാലത്തിൽ (മഹാപീഡനകാലം) സംഭവിപ്പാനിരിക്കുന്നതു ഞാൻ നിന്നെ ഗ്രഹിപ്പിക്കുമെന്നും പറഞ്ഞു. [ദാനി: വ്യ: ൧൯-൨൨] അനന്തരം ഗബ്രിയേൽ, ആട്ടുകൊററൻ മാറിയുസ്സ്, അവൻെറ മരുമകനായ കോറെസ്സും എന്ന രണ്ടു രാജാക്കന്മാരടങ്ങിയ മേദപ്പാർസ്യ സാമ്രാജ്യവും കോലാട്ടുകൊററൻ യവനസാമ്രാജ്യവും അതിൻെറ കണ്ണുകളുടെ നടുവിലുള്ള വലിയ കൊമ്പു് ആ സാമ്രാജ്യത്തിലെ ഒന്നാം രാജാവും (മഹാനായ അലക്സാണ്ഡർ) വലിയ കൊമ്പിൻെറ സ്ഥാനത്തുണ്ടായിരുന്ന നാലു കൊമ്പുകൾ യവനസാമ്രാജ്യത്തിൻെറ വിഭജനഫലമായ നാലു രാജ്യങ്ങളുമാണെന്നു ദാനിയേലിനെ അറിയിച്ചു.

ഈ വ്യാഖ്യാനം സംഗതികളെ സ്പഷ്ടമാക്കിത്തീർത്തു. ആട്ടുകൊററൻെറ ഉയർന്നതും താണതുമായ രണ്ടു കൊമ്പുകൾ കരടിയുടെ ഉയർന്നതും താണതുമായ രണ്ടു ഭുജങ്ങളാണെന്നും അവ മേദ്യയുടേയും പേർഷ്യയുടേയും സംയുക്ത സാമ്രാജ്യമായ മഹാബിംബത്തിൻെറ രണ്ടു ഭുജങ്ങളാണെന്നും, തല്ക്ഷണം ദാനിയേലിന്നു മനസ്സിലായി. കൂടാതെ, വലിയ കൊമ്പിൻെറ സ്ഥാനത്തു മുളച്ചുവന്നതായ നാലുകൊമ്പുകൾ പുള്ളിപ്പുലിയുടെ നാലു തലകൾ തന്നെയെന്നും അതിനാൽ മഹാബിംബത്തിൻെറ വയറു്, അര ഇവയുടെ സ്ഥാനത്തു് യവനസാമ്രാജ്യത്തിൻെറ സൂചകമായി അതു നിൽക്കുന്നുവെന്നും വലിയ അലക്സന്തരിൻെറ സേനാധിപന്മാരുടെ ഇടയിൽ വിഭക്തമായ നാലുരാജ്യവിഭജനങ്ങളാണു് അവയെന്നും പ്രവാചകൻ ഗ്രഹിച്ചു.

എന്നാൽ കോലാട്ടുകൊററൻെറ നാലു കൊമ്പുകളിൽ ഒന്നിൽ നിന്നും പുറപ്പെട്ട ചെറിയ കൊമ്പിൻെറ അർത്ഥത്തെക്കുറിച്ചു ദാനിയേൽ പിന്നേ

… തള്ളുന്നതു് അവ

യും വിഷമിക്കയുണ്ടായി. രാജ്യത്തിന്റെ അന്ത്യഘട്ടത്തിൽ എഴുന്നേല്പാൻ പോകുന്ന ക്രൂരമുഖനായ രാജാവാണ് അതു എന്നും അവൻ പ്രഭുക്കന്മാരുടെ പ്രഭുവിനു അതായതു ക്രിസ്തുവിനു എതിരായി നിൽക്കുമെന്നും ഗബ്രിയേൽ അവനോടു പറഞ്ഞു. (ദാനി: ൮. ൨൩—൨൫) ഈ ചെറിയ കൊമ്പിനെക്കുറിച്ചുള്ള വിവരണം ദാനിയേൽ കണ്ട നാലാം ദുഷ്ടമൃഗത്തിന്റെ പത്തുകൊമ്പുകളുടെ ഇടയിൽ നിന്നെഴുന്നേൽക്കുന്നതായി കണ്ട ചെറിയ കൊമ്പിന്റെ വിവരണത്തോടു ഒത്തിരിക്കുന്നു എന്നും ഇതുരണ്ടും ഒരാൾതന്നെ എന്നും അവൻ കണ്ടു. അവൻ ബോധംകെട്ടു കുറെ ദിവസം ദീനമായി കിടക്കത്തക്കവണ്ണം ഈ വെളിപ്പാടു അവനെ ഭേമിക്കയുണ്ടായി.

൮ വടക്കും തെക്കുമുള്ള രാജാക്കന്മാരെക്കുറിച്ചുള്ള ദർശനം.

ചെറിയ കൊമ്പു മുളച്ചുവരേണ്ടതു് മഹാനായ അലക്സന്തരിന്റെ രാജ്യം വിഭജിക്കപ്പെട്ട നാലു രാജ്യങ്ങളിൽ ഒന്നിൽനിന്ന് ആയിരിക്കണമെന്ന് ദാനിയേലിനു വെളിപ്പെട്ടു കിട്ടീട്ടും അതു ഏതായിരിക്കുമെന്ന് ആ ഘട്ടത്തിൽ അവനോടു പറയപ്പെട്ടിരുന്നില്ല. എന്നാൽ ഇരുപതുവർഷം കഴിഞ്ഞു അതായതു ബി. സി. ൩൨൩-ൽ നാലാമതു ഒരു ദർശനം വഴിയായി അതിനെപ്പററി അവനു അറിവുകിട്ടി. രണ്ടു രാജാക്കന്മാർ തമ്മിൽ അന്യോന്യം യുദ്ധം ചെയ്യുന്നതായി അവൻ ദർശനത്തിൽ കണ്ടു. ഒരുവനു വടക്കെ രാജാവെന്നും മററവനു തെക്കെ രാജാവെന്നുമാണ് പേർ വിളിച്ചിരുന്നതു്. പ്രസ്തുത അദ്ധ്യായം (ദാനി: ൧൧: ൧-൪൫) പ്രവചനസംവിവരണങ്ങൾ അടങ്ങിയിരിക്കുന്ന ബൈബിൾ അത്ഭുതകരമാംവണ്ണം സംക്ഷിപ്തമായ അദ്ധ്യായങ്ങളിലൊന്നാണ്. ഇതു എജിപ്തിലേയും സിറിയായിലേയും രാജാക്കന്മാരുടെ മുന്നൂററി അൻപതിൽപരമുള്ള വർഷങ്ങളിലെ ലോകചരിത്രത്തോടു ശരിയായി യോജിക്കുന്നു. ൫-൩൫ വരെയുള്ള വാക്യങ്ങളിൽ വടക്കെ അതായതു സിറിയായിലെ രാജാക്കന്മാരുടേയും തെക്കെ അതായതു എജിപ്തിലെ രാജാക്കന്മാരുടേയും യുദ്ധവൃത്താന്തം അടങ്ങിയിരിക്കുന്നു. ഈ സംഭവങ്ങൾ അന്ത്യോക്കസ് എപ്പിഫാനസിന്റെ വാഴ്ചയുടെ അവസാനം അതായതു്, ബി. സി. ൧൬൪ വരെയുള്ള കാലത്തെ സ്പർശിക്കുന്നു. ൩൬-൪൫-വരെയുള്ള വാക്യങ്ങൾ ൧൬൪ മുതൽ അന്ത്യകാലം അതായതു് ദാനിയേലിന്റെ എഴുപതു ആഴ്ച്ചവട്ടങ്ങളിൽ എഴുപതാംവാരം വരെയുള്ളകാലഘട്ടത്തോളം എത്തുന്നു. ൩൬-ാം വാക്യത്തിൽ "ഇഷ്ടം പോലെ" പ്രവൃത്തിക്കുന്ന ഒരു രാജാവു പ്രത്യക്ഷീഭവിക്കുന്നു. ആ വാക്യം മുതൽ ദാനിയേൽ പ്രവചനത്തിന്റെ അവസാനഭാഗം വരയ്ക്കും അന്ത്യനാളുകളിൽ ദാനിയേലിന്റെ ജനത്തിനു സംഭവിക്കുവാനുള്ളവയുടെ വൃത്താന്തം ഉണ്ട്. ഇഷ്ടംപോലെ പ്രവൃത്തിക്കുന്നൊരു രാജാവിനെക്കുറിച്ചുള്ള വിവരണം നാലാമത്തെ ദുഷ്ടമൃഗത്തിന്റെ ചെറിയ കൊമ്പിന്റെയും കോലാട്ടുകൊററന്റെ ചെറിയകൊമ്പിന്റെയും വിവരണങ്ങളോടു ഒത്തിരിക്കുന്നു. അവയെല്ലാം ഒരേ സമയത്തു അതായതു "അന്ത്യകാലത്തു" വെളിപ്പെടേണ്ടതാകുന്നു. അവ ഒരാളെത്തന്നെക്കുറിക്കുന്നവയാണ് എന്നു ദാനിയേൽ മനസ്സിലാക്കി. ഇഷ്ടംപോലെ പ്രവൃത്തിക്കുന്ന രാജാവ് അതായതു വടക്കെ രാജാവ് സുറിയായി

ലെ രാജാവായിരിക്കും എന്നുള്ളതിനാൽ ചെറിയകൊമ്പ് കോലാട്ടുകൊററൻെറ സുറിയാകൊമ്പിന്മേൽ മുളച്ചുണ്ടതാണെന്നും ചെറിയകൊമ്പു അന്തായത്തു അന്തിക്രിസ്തു സിറിയായിൽ നിന്നു വരേണ്ടതാണെന്നും സിറിയായിൽ അസ്സീറിയ ഉൾപ്പെട്ടിരിക്കുന്നതിനാൽ ദാനിയേൽ പറഞ്ഞിരിക്കുന്ന ചെറിയകൊമ്പു യെശയ്യാ പറയുന്ന അസീറിയൻതന്നെ എന്നും ദാനിയേൽകാണുന്നു. "അതുകൊണ്ടു കർത്താവു സീയോൻ പർവ്വതത്തിലും യെരുശലേമിലും പ്രവൃത്തിയൊക്കെയും തീർത്തശേഷം (ക്രിസ്തുവിൻെറ പ്രത്യാഗമനം വരെക്കും ഇതു നിവൃത്തിയാകയില്ല) ഞാൻ അശ്ശൂർ രാജാവിൻെറ (അന്തിക്രിസ്തു) അഹങ്കാരത്തിൻെറ ഫലത്തേയും അവൻെറ ഉന്നതഭാവത്തിൻെറ മഹിമയേയും സന്ദർശിക്കും" (യെശ: ൧൦.൧൨) എൻെറ ദേശത്തു (ഫലസ്തീൻ) ഞാൻ അശ്ശൂറിനെ (അന്തിക്രിസ്തു) തകർക്കും എൻെറ പർവ്വതങ്ങളിൽവെച്ച് അവനെ ചവിട്ടിക്കളയും. അങ്ങിനെ അവൻെറ നുകം അവരുടെ (ഇസ്രയേലിൻെറ) മേൽ നിന്നു നീങ്ങും. അവൻെറ ചുമടു അവരുടെ തോളിൽ നിന്നു മാറിപ്പോകും". (യെശ: ൧൪:൨൫) ഈ പ്രവചനം ഇസ്രയേൽ സ്വന്തദേശത്തു പുന:സ്ഥാപിക്കപ്പെടുന്നതിനെ സംബന്ധിച്ചുള്ളതാണെന്നു വാക്യത്തിൻെറ ഗതി നമ്മെ മനസ്സിലാക്കുന്നു. എന്നാൽ ബാബിലോൺ അടിമയുടെ ശേഷം ഉണ്ടായിട്ടുള്ള പുന:സ്ഥാപനത്തെ അല്ല ഭാവിയായ ഒരു പുന:സ്ഥാപനത്തെ ആണ് ഇതു കുറിക്കുന്നതു. കാരണം പ്രവാചകൻ ഇതു എഴുതുമ്പോൾ അസ്സൂർ സാമ്രാജ്യം ബാബിലോൺ സാമ്രാജ്യത്തിൽ വിഴുങ്ങപ്പെട്ടു പോയിരുന്നു. ഇവിടെ പറയുന്ന അസ്സൂർ രാജാവു ഭാവിയിൽ എഴുന്നേല്പാൻ പോകുന്ന ഒരുവനായിരിക്കണം. കാരണം അവൻ ഫലസ്തീനിലേക്കു കൊണ്ടുവരപ്പെടുകയും അവൻ അവിടെ വെച്ചു നശിക്കപ്പെടുകയും വേണ്ടതാകുന്നു.

# വിദേശകത്തു. *

കപ്പൽ "രാജപുത്താന"
സിംഗപ്പൂരിൽനിന്നും ഹോംഗ്‌കോംഗിലേക്ക്.
൨൯—൩—'൩൦

എൻെറ പ്രിയ സൈമൺ സഹോദരാ,

നിങ്ങൾക്കു എഴുതുവാൻ എനിക്കു വളരെ സന്തോഷം തോന്നുന്നു. ഞാൻ ഇപ്പോൾ എൻെറ യാത്രയുടെ വേറൊരു ഘട്ടത്തിലാണ്. അതായത് സിംഗപ്പൂരിൽ നിന്നും ഹോംകോംഗിലേക്ക് ഇപ്പോൾ യാത്രചെയ്യുന്നു. എന്നാൽ മദ്രാസിൽനിന്നു പെനാംഗിലേക്കു പോകുവാൻ അഞ്ചുദിവസം മാത്രമെ

* മൂന്നു മാസങ്ങൾക്കു മുമ്പായി ഇവിടെ നിന്നും സ്വദേശത്തേക്കു പുറപ്പെട്ടിട്ടുള്ള മിഷ്യനറി മി: നോയലിൻെറ യാത്രവിവരം കാണിച്ചുള്ള കത്തിൻെറ തർജ്ജമ. Editor

വേണ്ടിവന്നുള്ളു. ഞാൻ കയറിയ തീക്കപ്പലിൽ കമ്പിയില്ലാക്കമ്പിയുടെ ഒരു പ്രവൎത്തകനെ കണ്ടുമുട്ടി. അടുത്ത അവസരം നമ്മുടെ മിഷ്യനറിമാരിൽ രണ്ടുപേരുടെ വേലയാൽ അവൻ രക്ഷിക്കപ്പെട്ടതായിരുന്നു. നവമത (Modern-ism)ത്തിലാണ് അദ്ദേഹം വളൎത്തപ്പെട്ടത്. ഈ അഭിപ്രായങ്ങളല്ലാതെ വേറൊന്നും അയാൾക്ക് അറിഞ്ഞുകൂടായിരുന്നു. എന്നാൽ നമ്മുടെ സ്നേഹിതന്മാർ അവൻ ഒരു നഷ്ടപ്പെട്ട പാപിയാണെന്നും, അവന് ഒരു രക്ഷിതാവിനെക്കൊണ്ട് ആവശ്യമുണ്ടെന്നും അവനെ ബോധ്യപ്പെടുത്തി. അപ്പോൾ ശുദ്ധീകരിക്കുന്ന യേശുവിന്റെ രക്തത്തെയും യേശുരക്ഷിതാവിനെയും അവർ അവനു കാണിച്ചുകൊടുത്തു. അവൻ ഒരു യൂറോപ്യനാണ്. കൎത്താവിനു സ്തോത്രം. അയാൾ ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിച്ചു. അനാരോഗ്യകരമായ ഉപദേശങ്ങൾ നിഷ്കാസനം ചെയ്യപ്പെടുകയും ക്രിസ്തുവിന്റെ വിലയേറിയ രക്തത്തിലുള്ള ആശ്രയം എന്താണെന്ന് ഇപ്പോൾ അറികയും ചെയ്യുന്നു. ഞങ്ങൾക്ക് ഒന്നിച്ചു സമയം കഴിപ്പാൻ കൎത്താവു കൃപയരുളി. കപ്പലിലുള്ള ഏകാന്ത ജീവിതത്തിൽ അവൻ സൂക്ഷിക്കപ്പെടുമെന്നു ഞങ്ങൾ ആശിക്കുന്നു.

മിസ്റ്റർ പി. റ്റി. തോമസിന്റെ അനന്തിരവൻ ഈ കപ്പലിൽതന്നെ യാത്രചെയ്തുകൊണ്ടിരുന്നു. ദൈവം അവനോട് ഇടപെട്ടുവെന്നു ഞാൻ വിശ്വസിക്കുന്നു. ദൈവം അവനെ രക്ഷിച്ചു എന്ന് പെനാംഗിൽ അവൻ സാക്ഷി പറഞ്ഞു.

പെനാംഗിൽ എനിക്കു രണ്ടു നല്ല യോഗങ്ങളുണ്ടായിരുന്നു. ഞാൻ ഇംഗ്ലീഷിലാണു പ്രസംഗിച്ചതു്. ചൈനാക്കാരായ സണ്ടേസ്കൂൾ കുഞ്ഞുങ്ങളോടും ഞാൻ സംസാരിച്ചു. അവിടെ ചൈനാക്കാരായ കുഷ്ഠരോഗികളുടെ ഇടയിൽ ആശ്ചൎയ്യകരമായ വേല നമുക്കുണ്ട്. പറജാതിയിൽനിന്നു വന്നുചേൎന്നിട്ടുള്ള ൨൦൦ ആളുകളടങ്ങിയ ഒരു സഭ നമ്മുടെ കൂട്ടായ്മയിലുണ്ട്. ഈ സെൻററിനു ചുററും നാലോ അഞ്ചോ സഭകൾ നമുക്കുണ്ട്. ഇംഗ്ലീഷ്ഭാഷയിലും ചൈനാഭാഷയിലും, എഫ്. എം. എസ്സ്. മുഴുവനിലും നമുക്കു നല്ല യോഗങ്ങൾ നടക്കുന്നുണ്ട്. ഇവിടെനിന്നും ഞാൻ 'റെയിപ്പിംഗ്' എന്നപേരിന് മഹാ ശാന്തതയുടെനഗരം എന്നാണൎത്ഥം. യഥാൎത്ഥത്തിൽ വളരെ സമാധാനമുള്ളതായി അതുകാണപ്പെടുന്നു. അനേക ജാതിക്കാർ ഒരുമിച്ചു വളരെ ശാന്തമായി അവിടെ താമസിച്ചുവരുന്നു. തമിഴർ, ചൈനാക്കാർ, ജപ്പാൻകാർ, ഇംഗ്ലീഷ്കാർ, യൂറോപ്യന്മാർ, ബൎമ്മാക്കാർ, സെയിക്സ്, മലയാ ജാതിക്കാർ മററുമനേകർ അത്രെ അവിടെ താമസിക്കുന്നതു്. എന്റെ ഭാൎയ്യയുടെ സഹോദരിയായ, മിസ്സസ്സ്, മാർക്സിനോടും അവരുടെ ഭൎത്താവായ മിസ്റ്റർ മാർക്സിനോടുംകൂടെ ഞാൻ അവിടെ താമസിച്ചു. മിസ്റ്റർ മാർക്സ് ടാക്റ്റുകളോടും വേദപുസ്തകപ്രതികളോടും കൂടെ ൨൦൦൦൦ മൈൽ ഉന്തുവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ള ഒരു വലിയ സഞ്ചാരിയാണ്. ഈ യാത്രയിൽ നാട്ടുകാരുടെ ഭക്ഷണം കഴിച്ചുകൊണ്ട് ചൈനാക്കാരുടെയും മലായികളുടെയും വീടുകളിൽ ഉറങ്ങുന്നു. സുവിശേഷമറിയിക്കുന്നതിനു സുമാട്രായിൽ നിന്നു ജാവായ്ക്കും അവിടെ നിന്നും സയാമിലേക്കും അനേകായിരം മൈൽ അദ്ദേഹം കാൽനടയായി പോയിട്ടുണ്ട്, അദ്ദേ

ഹം മലായി ഭാഷയും ചൈനാ ഭാഷയും പഠിച്ചിട്ടുണ്ട്. എനിക്കായിട്ടു മൂന്നു യോഗങ്ങൾ മി: മാക്ക്സ് തയാർ ചെയ്തു. ആദ്യയോഗം ഇംഗ്ലീഷറിയാവുന്ന ചൈനാക്കാരായ കൂലിവേലക്കാർക്കായിട്ടായിരുന്നു. ഉദ്ദേശം ഇരുപതു പേർ ആ യോഗത്തിലുണ്ടായിരുന്നു. പകുതിപേർ ക്രിസ്ത്യാനികളും പകുതിപേർ ജാതികളുമായിരുന്നു. എന്നാൽ എല്ലാവരും നല്ലപോലെ ശ്രദ്ധിച്ചു. അടുത്തദിവസം ഞങ്ങൾ മോട്ടോർവഴി ക്വാലാകാൻസാർ എന്ന സ്ഥലത്തു തമിഴരായ ഒരു മാന്യന്റെ വീട്ടിൽ യോഗത്തിനുപോയി. അദ്ദേഹം ജോലിയിൽ നിന്നു പിരിഞ്ഞ ഒരു ഗവൺമെൻറു ഉദ്യോഗസ്ഥനത്രെ. ഞാൻ അവിടെയും, ചൈനാക്കാരോടും തമിഴരോടും ഇംഗ്ലീഷിൽ തന്നെ സംസാരിച്ചു. ഏകദേശം പാതിരാത്രിയോടുകൂടി റെയിപ്പിംഗിലേക്കു തിരിച്ചുപോന്നു. ക്വാലാകാൻസാർ വിശേഷമായ ഒരു രാജ്യമാകുന്നു. സുൽത്താന്റെ കൊട്ടാരം ഇവിടെയുണ്ട്. മനോഹരമായ തോട്ടങ്ങളിൽകൂടി ഞങ്ങൾ സഞ്ചരിക്കയും, മന്ദമായി ഒഴുകുന്ന നദിയുടെ രമ്യമായ കാഴ്ച ഞങ്ങൾക്കു ലഭിക്കയും ചെയ്തു. മലായികൾ എല്ലാവരും ശാന്തന്മാരും കീഴ്പ്പെടുന്നവരുമായ മഹമ്മദീയരത്രെ. അടുത്ത ദിവസം ഇംഗ്ലീഷ് അറിയാവുന്ന തമിഴർ, ചൈനാക്കാർ, മററുപല ജാതികൾ ഇവരെക്കൊണ്ടു നിറഞ്ഞ സുവിശേഷാലയത്തിൽ പ്രസംഗിച്ചു. ഈ ശ്രമം ഫലപ്രദമായിരിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു. ഇവിടെ ജീവപര്യന്തതടവുകാരും തൂക്കാൻ വിധിച്ചിട്ടുള്ള കൊലപാതകരും കിടക്കുന്ന ഒരു വലിയ ജയിലുണ്ട്. തടവുകാരോടു പ്രസംഗിക്കുന്നതിനു നമ്മുടെ മിഷ്യനറിമാർക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. ഈ വേല അനുഗ്രഹമായിത്തീർന്നിട്ടുമുണ്ട്. ഒരു ചൈനാക്കലപ്പുള്ളി തൂക്കപ്പെടുന്നതിനു ഏതാനും ദിവസങ്ങൾക്കു മുൻപു ക്രിസ്തുവിനെ അംഗീകരിച്ചിരിക്കുന്നു എന്നു സ്വയം സാക്ഷിക്കയുണ്ടായി. അടുത്തു ഞാൻ പോയതു് എൻഗോർ എന്ന സ്ഥലത്ത് ഒരു ചൈനീസ്‌യോഗത്തിനാണ്. അവിടെ നിന്നും വേറൊരിടത്തേക്കു ഞാൻ പോയി. അവിടെ ചൈനാക്കുട്ടികൾക്കായി സ്ഥാപിച്ചിട്ടുള്ള നമ്മുടെ വക ഒരു അനാഥശാലയുണ്ട്. മി: വിൽസനോടുകൂടി ഒരു രാത്രി ഞാൻ ഇവിടെ താമസിച്ചു. ഇതു ചുരുങ്ങിയ ഒരു താമസത്തെപ്പററി അദ്ദേഹം വളരെ ദുഃഖത്തോടെ പറകയുണ്ടായി. പിന്നെ ക്വാലാലംബോറിലേക്കു പുറപ്പെട്ടു്, എന്റെ അളിയനോടുകൂടി അഞ്ചുദിവസം താമസിച്ചു. ഇവിടെ പല ജാതികളിൽ നിന്നും ചേർന്നിട്ടുള്ള നൂറുവിശ്വാസികളോടു കൂടി സ്മാരകശുശ്രൂഷയിൽ സംബന്ധിക്കയും ചെയ്തു. കൂടാതെ ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ ഈ ദിവസങ്ങളിൽ രാത്രിതോറും സുവിശേഷം പ്രസംഗിച്ചു. അവരുടെ വലിയ ഹാൾ ഓരോ യോഗത്തിലും ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു.

ക്വാലാലംബോറിൽ നമുക്ക് ഒരു വലിയ 'ചൈനീസ്' പെൺപള്ളിക്കൂടവും ചൈനാക്കാരുടെ ഇടയിൽ സ്ഥിരമായ വേലയുമുണ്ട്. ചീനരുടെ ഈ സഭയിൽ നൂറു വിശ്വാസികളോളം കൂട്ടായ്മയിൽ സംബന്ധിച്ചുവരുന്നു. ഇംഗ്ലീഷ്‌കാർകൂടി വരുന്ന സഭയിലും നൂറുപേർ തിരുവത്താഴത്തിൽ ചേരുന്നുണ്ട്. കുഷ്ഠരോഗാസ്പത്രിയിലും ജയിലിലും വേലകൾ നടത്തിവരുന്നു. വ

മൈൽ അകലമുള്ള സ്ഥലങ്ങളിൽ ക്രുഷിയും വീടുകളിൽ യോഗം നടത്തിവരുന്നുണ്ട്.

ഇവിടെനിന്നു ഞാൻ തീവണ്ടിയിൽ രാത്രി മുഴുവൻ യാത്രചെയ്തു സിംഗപ്പൂരിലെത്തി. അവിടത്തെ സുവിശേഷാലയത്തിൽ ഒരു പ്രസംഗം ചെയ്യാനുള്ള മാന്യത എനിക്കു ലഭിച്ചു. ഈ സുവിശേഷഹാൾ ഇംഗ്ലീഷ്‌യോഗങ്ങൾക്കായി ൫൦ വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ്. ഇവിടെ ൩ ഡാക്ടർമാർ കൂട്ടായ്മയിൽ സംബന്ധിക്കുന്നു. ഇവിടെ കർത്തൃമേശയിൽ പല ജാതികളിൽനിന്നുള്ള ആളുകൾ ചേർന്നുവരുന്നു എന്നാണ് അറിവാനിടയായതു്. മേപ്രാൽ എന്ന സ്ഥലത്തുകാരനായ ഒരു സുറിയാനിയൗവനക്കാരനെ ഞാൻ ഇവിടെ കണ്ടു. അയാൾ ഒരു ഗവണ്മെന്റുദ്യോഗത്തിലാണെന്നാണു തോന്നുന്നതു്. സിംഗപ്പൂർ വളരെ വലിയ ഒരു സ്ഥലമാകുന്നു. അവിടെ രണ്ടു സുവിശേഷാലയങ്ങൾ നമുക്കുണ്ട്. നമ്മുടെ വേലക്കാർ ആശുപത്രികളും വീടുകളും സന്ദർശിച്ചുകൊണ്ടു ധാരാളം അദ്ധ്വാനിക്കുന്നു. കൂടാതെ വെളിയോഗങ്ങൾ നടത്തുകയും പ്രതിവർഷം അനേകായിരം സുവിശേഷഭാഗങ്ങൾ വിൽക്കുകയും ചെയ്യുന്നു. മൂന്നു വർഷങ്ങൾക്കു മുൻപ് കുമ്പനാട്ടു വന്നിരുന്ന മി. ററിപ്സൻ ആണ് വേദപുസ്തകസമൂഹം വക ഇവിടത്തെ സെക്രട്ടറി. നമ്മുടെ നാട്ടിൽ അദ്ദേഹം വന്നപ്പോൾ കർത്താവ് അദ്ദേഹത്തിന്റെ ശ്രമങ്ങളെ അനുഗ്രഹിച്ചതിന്റെ ഫലമായി ഏതാനും ആത്മാക്കൾ രക്ഷപെടുകയുണ്ടായി. ലാസർസിന്റെ ഒരു സഹോദരൻ മന്ത്രം എഴുതിയിരുന്ന പിച്ചളത്തകിട് ഉപേക്ഷിച്ചുകളഞ്ഞു.

നാളെ ഞാൻ ഹോംഗ്കോംഗിലായിരിക്കും. അവിടെ വിശ്വാസികളോട് അപ്പം മുറിക്കയും മററു യോഗങ്ങളിൽ സംബന്ധിക്കയും ചെയ്യും. പിന്നീടു അടുത്ത തുറമുഖം ഷാംഗൈ ആണ്. അവിടെ ഞായറാഴ്ച കിട്ടുന്നപക്ഷം വിശ്വാസികളെ കാണുകയും അവരോടുകൂടി കർത്തൃഭോജനം ആചരിക്കയും ചെയ്യാം. ഞങ്ങളുടെ കപ്പൽയാത്ര ഇതുവരെയും ഒട്ടും അസുഖകരമല്ല. എന്നാൽ എനിക്കു ചിലപ്പോൾ തലവേദന ഉണ്ടാകാറുണ്ട്. വാക്സ്നേഷ്യൻ ചെയ്തതുകൊണ്ട് ഒരു ചെറിയ പനിയും ഉണ്ടാകാതെയിരുന്നില്ല.

കർത്താവു നിങ്ങളെ എവരേയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്നു ഞാൻ ആശിക്കുന്നു. പ്രാർത്ഥനയിൽ നിങ്ങളെ ഞാൻ മറക്കുന്നില്ല. നാം എല്ലാവരും ദൈവഭവനത്തിൽ പെട്ടവരാണെന്നും നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി തരുവാൻ ദൈവം ഇഷ്ടപ്പെടുന്നു എന്നുമുള്ളതു് അറിയുന്നതു് എത്ര സന്തോഷം. വിശ്വാസികൾക്കെല്ലാവർക്കും എന്റെ സ്നേഹം കൊടുക്കുക.

വേഗം വരുന്ന നമ്മുടെ കർത്താവിൽ നിങ്ങളുടെ സ്വന്തം,

എഡ്വിൻ. എച്ച്. നോയൽ.

# മഹമ്മദീയവേദം

മഹമ്മദീയവേദമായ കൊറാനെ സംബന്ധിച്ചു കേട്ടിട്ടില്ലാത്തവർ ഞങ്ങളുടെ വായനക്കാരിൽ ആരും കാണുമെന്നു തോന്നുന്നില്ല. എങ്കിലും പ്രസ്തുത ഗ്രന്ഥം ഒന്നു കാണ്മാൻപോലും മിക്കവാറും എല്ലാവൎക്കുംതന്നെ സാധിച്ചിട്ടില്ല. അതിനാൽ ആരംഭംമുതൽ കൊറാൻ മലയാളത്തിൽ തൎജ്ജിമചെയ്തു ഈ മാസികയിൽ പ്രസിദ്ധീകരിക്കണമെന്നു് ആഗ്രഹിക്കുന്നു. യാതൊരു വിമൎശനവും കൂടാതെ യഥാസ്ഥിതിയിൽ ഭാഷപ്പെടുത്തുവാൻ മാത്രമാണു് നിശ്ചയിച്ചിരിക്കുന്നതു്. സെയിൽപണ്ഡിതരുടെ ഇംഗ്ലീഷ് വിവൎത്തനത്തിൽനിന്നുള്ള ഈ ഭാഷാന്തരം അനുവാചകന്മാൎക്കു രസകരവും പ്രയോജനാവഹവുമായിരിക്കുമെന്നു വിചാരിക്കുന്നു.

## അൽകൊറാൻ

### അദ്ധ്യായം ൧

പീഠിക. മെക്കയിൽനിന്നു വെളിപ്പെട്ടതു്.

മഹാകരുണയുള്ള ദൈവത്തിന്റെ നാമത്തിൽ സൎവ്വസൃഷ്ടിയുടേയും കൎത്താവും അതികാരുണ്യവാനും ന്യായവിധിദിവസത്തിന്റെ രാജാവുമായ ദൈവത്തിനു സ്തുതി. നിന്നെ ഞങ്ങൾ സഹായം അപേക്ഷിക്കുന്നു. ആരുടെനേരെ നീ കോപാക്രാന്തനായിരിക്കുന്നുവോ അങ്ങിനെയുള്ളവരുടേയോ തെറ്റിനടക്കുന്നവരുടേയോ വഴിയിൽ ഞങ്ങളെ നടത്താതെ ആരുടെനേരെ നീ കരുണയോടിരിക്കുന്നുവോ അവരുടെവഴിയിൽ, അതായതു നീതിയുള്ള വഴിയിൽ ഞങ്ങളെ നടത്തേണമെ.

### അദ്ധ്യായം ൨

ഒരുഭാഗം മെക്കായിൽവെച്ചും ഒരുഭാഗം മെദീനായിൽവെച്ചും വെളിപ്പെട്ടതു്.

ഏറ്റവും കരുണയുള്ള ദൈവത്തിന്റെ നാമത്തിൽ ഈ പുസ്തകത്തിൽ സംശയസംഗതികളില്ല. ഇതു ഭക്തിയുള്ളവൎക്കും വിശ്വാസമൎമ്മങ്ങളിലും വിശ്വാസമൎമ്മങ്ങൾക്കും നിശ്ചിതസമയങ്ങളിൽ പ്രാർത്ഥന നടത്തുന്നവരും നാം അവൎക്കു നൽകീട്ടുള്ളവയിൽ നിന്നു ഭിക്ഷകൊടുക്കുന്നവരും നിനക്കു് അയച്ചുതന്നിട്ടുള്ളതും, നിനക്കു മുൻപെ ഉള്ള പ്രവാചകന്മാൎക്കു് അയച്ചുതന്നിട്ടുള്ളതും ആയ വെളിപ്പാടിൽ വിശ്വസിക്കുന്നവരും വരുവാനുള്ള ജീവനെക്കുറിച്ചു ദൃഢനിശ്ചയം ഉള്ളവരുമായ ഭക്തന്മാൎക്കുള്ള നിയോഗമത്രേ. ഇവർ തങ്ങളുടെ കൎത്താവിനാൽ നടത്തപ്പെടുന്നു. അവൎക്കു അഭിവൃദ്ധി ഉണ്ടാകും. അവിശ്വാസികളെക്കുറിച്ചോ നീ അവരെ ഉദ്ബോധിച്ചാലും ഉദ്ബോധിച്ചില്ലെങ്കിലും ഫലം ഒന്നത്രേ. അവർ വിശ്വസിക്കയില്ല. ദൈവം അവരുടെ ഹൃദയങ്ങളേയും കേൾവിയേയും മുദ്രയിട്ടിരിക്കുന്നു. ഒരു മറ അവരുടെ കാഴ്ചയെ മൂടുന്നു. അവർ കഠിനമേറിയ ശിക്ഷ അനുഭവിക്കും. ദൈവത്തിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെന്നു പറയുന്ന ചിലരുണ്ടു്. എന്നാൽ അവർ യഥാർത്ഥത്തിൽ വിശ്വാസികളല്ല. അവർ ദൈവത്തേയും വിശ്വാസികളേയും ചതിപ്പാൻ അന്വേഷിക്കുന്നു. എന്നാൽ അവർ തങ്ങളെത്തന്നെ ചതിക്കുകയാകുന്നു. അതിനെപ്പറ്റി അറിയുന്നുമില്ല. അവരുടെ ഹൃദയങ്ങളിൽ ഒരു ബലഹീനത ഉണ്ടു്. ദൈവം ആ ബലഹീനതയെ വൎദ്ധിപ്പിച്ചിരിക്കുന്നു. അവർ അതിവേ

ദനയുള്ളശിക്ഷ അനുഭവിക്കും. കാരണം അവർ അവിശ്വസിച്ചു. ഭൂമിയിൽ വഷളാധിപ്രവത്തിക്കരുതു് എന്നു് ഒരുവൻ അവരോടു പറയുമ്പോൾ സത്യമായി ഞങ്ങൾ പരമാർത്ഥികൾ എന്നു് അവർ മറുപടി പറയുന്നു. അവർ സ്വതേ വഷളത്വം പ്രവത്തിക്കുന്നവരല്ലയോ? എന്നാൽ അവർ അതിനെക്കുറിച്ചു് അറിയുന്നില്ല. മററുള്ളവർ വിശ്വസിക്കുന്നതു നിങ്ങൾ വിശ്വസിപ്പിൻ എന്നു് ഒരുവൻ അവരോടു പറയുമ്പോൾ ഭോഷന്മാർ വിശ്വസിക്കുന്നതുപോലെ ഞങ്ങളും വിശ്വസിക്കണമോ എന്നു് അവർ മറുപടി പറയും. അവർ സ്വതേ ഭോഷന്മാരല്ലയോ? എന്നാൽ അതു് അവർ അറിയുന്നില്ല. വിശ്വസിക്കുന്നവരെ അവർ കണ്ടുമുട്ടുമ്പോൾ ഞങ്ങൾ വിശ്വസിക്കുന്നു എന്നു് അവർ പറയുന്നു. എന്നാൽ അവരുടെ ഭൂതങ്ങളുടെ അടുക്കലേക്കു രഹസ്യമായി പോകുമ്പോൾ യഥാർത്ഥത്തിൽ ഞങ്ങൾ നിന്നെ പിടിച്ചിരിക്കുന്നു. അവരെ പരിഹസിക്ക മാത്രമേ ചെയ്യുന്നൊള്ളു എന്നു് അവർ പറയുന്നു. ദൈവം അവരെ പരിഹസിക്കും. അവരുടെ അഭക്തിയിൽ അവരെ നിലകൊള്ളുമാറാക്കും. അവർ കുഴഞ്ഞു് അലയും. സത്യകല്പനയ്ക്കുള്ള വില കൊടുത്തു പിശകിനെ വാങ്ങിച്ചിരിക്കുന്നവർ ഇവരത്രേ. എന്നാൽ അവരുടെ കച്ചവടം ആദായകരമല്ല. അവർ ശരിയായി നടത്തപ്പെട്ടിട്ടുമില്ല. അവർ തീ കത്തിക്കുന്നവരെപ്പോലെ ആകും. ചുററുമുള്ളവരെ എല്ലാം പ്രകാശിപ്പിച്ച ശേഷം ദൈവം അവരുടെ വെളിച്ചം എടുത്തു കളഞ്ഞു് ഇരുട്ടിൽ അവരെ വിട്ടുകളഞ്ഞു. അവർ കാണുകയില്ല. അവർ ബധിരരും മൂകരും അന്ധരുമത്രേ. തന്നിമിത്തം അവർ അനുതപിക്കയില്ല. കൂടാതെ, അവർ ആകാശത്തുനിന്നുമുള്ള കാററോടും മഴയോടും കൂടിയ മേഘംപോലെ അത്രേ. ഇരുട്ടു കൂടിയും മഴയും അതിൽ സമൃദ്ധമായിട്ടുണ്ടു്. ഇടിമുഴക്കം കേട്ടു മരണഭയത്താൽ അവർ ചെവികളിൽ വിരലിടുന്നു. ദൈവം അവിശ്വാസികളെ ചുററിവളയുന്നു. മിന്നൽ അവർക്കു പ്രകാശം കൊടുക്കുന്നിടത്തോളം അതിൽ നടക്കുന്നു. എന്നാൽ ഇരുട്ടു വരുമ്പോൾ നിശ്ചലരായി അവർ നിന്നുപോകുന്നു. ദൈവത്തിനു് ഇഷ്ടമുണ്ടെങ്കിൽ നിശ്ചയമായി അവരുടെ കേൾവിയും കാഴ്ചയും എടുത്തുകളയും. കാരണം, ദൈവം സർവ്വശക്തനത്രേ. മെക്കായിലുള്ള മനുഷ്യരേ, നിങ്ങളെയും നിങ്ങൾക്കു മുൻപുള്ളവരെയും സൃഷ്ടിച്ച ദൈവത്തെ സേവിപ്പിൻ. പക്ഷേ, നിങ്ങൾ അവനെ ഭയപ്പെട്ടും. അവൻ നിങ്ങൾക്കു ഭൂമിയെ ഒരു കിടക്കപോലെയും, ആകാശത്തെ ഒരു മൂടിപോലെയും വിരിച്ചിരിക്കുന്നു. വെള്ളത്തെ ആകാശത്തുനിന്നു് അവൻ വർഷിപ്പിക്കുന്നു: അതിനാലത്രെ നിങ്ങളുടെ സന്ധാരണത്തിനുള്ള ഫലങ്ങൾ ഉല്പന്നമാകുന്നതു്. അതുകൊണ്ടു നിങ്ങളുടെ സ്വന്ത അറിവിനു വിരോധമായി ദൈവസമന്മാരായി ആരെയും, ഉയർത്തിവയ്ക്കരുതു്. നാം നമ്മുടെ ഭൃത്യനു് അയച്ചുകൊടുത്ത വെളിപ്പാടിനെക്കുറിച്ചു നിങ്ങൾക്കു സംശയമുണ്ടെങ്കിൽ അതിനു തുല്യമായ ഒരു അദ്ധ്യായമുണ്ടാക്കി, നിങ്ങൾ സത്യം പറയുന്നെങ്കിൽ, ദൈവം അല്ലാതെയുള്ള നിങ്ങളുടെ സാക്ഷികളെ വിളിപ്പിൻ. നിങ്ങൾ അതു ചെയ്യുന്നില്ല, എങ്കിൽ മാത്രമല്ല, നിങ്ങൾ അതു ചെയ്യുവാൻ പിന്നീടു പ്രാപ്തിപ്പെടുകയുമില്ലെങ്കിൽ മനുഷ്യരും കല്ലുകളും വിറകായിരിക്കുന്നതും അവിശ്വാസികൾക്കായി ഒരുക്ക

പ്പെട്ടിട്ടുള്ളതുമായ അഗ്നിയെ ഉടൻ ഭയപ്പെടുവിൻ. എന്നാൽ വിശ്വാസികളായവർ ശാശ്വതമായി സന്തോഷമാനം വഹിക്കയും അവരുടെ തോട്ടങ്ങൾ നദികളാൽ നനയുമാറു സൽപ്രവൃത്തികൾ ചെയ്കയും ചെയ്യുവിൻ. ജീവസന്ധാരണത്തിനായി ആ ഫലത്തിൽനിന്ന് അവർ ഭക്ഷിക്കുമ്പോഴെല്ലാം ഞങ്ങൾ ഇതു പണ്ടു തിന്നതാണെന്ന് അവർ പറയും. പരസ്പരം സാമ്യമുള്ള പലതരം ഫലങ്ങൾ അവർക്കു നൽകപ്പെടും. അവിടെ അവർ അശുദ്ധിപ്പെടാത്ത ഭാര്യമാരെ അനുഭവിക്കും. അവിടെ അവർ എന്നേക്കും വസിക്കയും ചെയ്യും. കൂടാതെ ദൈവം ഒരു കൊതുകിനെയോ അതിനേക്കാൾ നിസ്സാരമായ ഒരു വസ്തുവിനെയോ ഉപമിച്ചു പറവാൻ നാണിക്കയില്ല. കാരണം വിശ്വാസികളായവർ അതു തങ്ങളുടെ കർത്താവിൽ നിന്നുള്ള സത്യമെന്ന് അറിയും. എന്നാൽ ഈ ഉപമകൊണ്ട് ദൈവം അർത്ഥമാക്കുന്നതു എന്താണെന്നും ഇതു കൊണ്ട് അനേകരെ വഴിതെററിക്കലേ ഒരു നല്ലതുമെന്നും അവിശ്വാസികൾ പറയും. എന്നാൽ ദൈവം സ്ഥാപിച്ചിട്ടുള്ള ഉഭയസമ്മതത്തെ നിഷ്ഫലമാക്കുകയും ദൈവം യോജിപ്പിച്ചതിനെ പിരിക്കയും ഭൂമിയിൽ വഷളത്വം പ്രവർത്തിക്കയും ചെയ്യുന്ന ലംഘനക്കാരെ അല്ലാതെ ആരെയും അവൻ വഴിതെററിക്കയില്ല. ദൈവത്തിൽ നിങ്ങൾ വിശ്വസിക്കാതെ ഇരിക്കുന്നതു എങ്ങിനെ? നിങ്ങൾ മരിച്ചവരായിരുന്നു, അവൻ നിങ്ങൾക്കു ജീവൻ തന്നു. അവൻ ഇനിയും നിങ്ങളെ മരിപ്പിക്കയും ജീവനിലേക്കു പുനഃസ്ഥാപിക്കയും ചെയ്യും. അനന്തരം നിങ്ങൾ അവന്റെ അടുക്കലേക്കു തിരികെ ചെല്ലും. ഭൂമിയിൽ ഉള്ളതെല്ലാം നിങ്ങൾക്കായി സൃഷ്ടിക്കയും തന്റെ മനസ്സിനെ സ്വർഗ്ഗസൃഷ്ടിക്കായി സമർപ്പിക്കയും അതിനെ ഏഴു സ്വർഗ്ഗങ്ങളായി ക്രമീകരിക്കയും ചെയ്തതു അവനാകുന്നു. അവൻ സകലവും അറിയുന്നു.

# പിതൃശിക്ഷ

(റെ. സി. വറുഗീസ് അദ്ധ്യാപകൻ ഇംഗ്ലീഷ് സ്കൂൾ കീക്കൊഴൂർ)

"കർത്താവുതാൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു." എബ്രാ. ൧൨:൬

'ശിക്ഷ' എന്നു കേൾക്കുന്നതു തന്നെ അസഹ്യമായിരിക്കെ അതിന്റെ അനുഭവത്തിൽകൂടി കടന്നുപോകുന്നതു എത്ര പ്രയാസം. പിതാവിന്റെ സ്നേഹം കുട്ടികൾക്കു സന്തോഷജനകമാണ്'. യോസേഫ് എന്നവണ്ണം പിതാവിന്റെ കൂടുതൽ സ്നേഹത്തിനു പാത്രങ്ങളാകുന്നവരോട് സഹോദരന്മാർക്ക് അസൂയ ഉണ്ടായെന്നുവരാം. എന്നാൽ പിതാവു ശിക്ഷിക്കുന്നതു കാണുമ്പോൾ തങ്ങൾക്കാ ആ സ്ഥാനം കിട്ടിയില്ലല്ലോ എന്നോർത്ത് ആരും അസൂയാലുക്കളായി തീരുകയില്ല. കാരണം ശിക്ഷയുടെ അനുഭവം തന്നെ. എന്നിരുന്നാലും കർത്താവിന്റെ ആസ്വാദിക്കുന്നതു വിവേകമുള്ള തന്റെ മക്ക

[illegible] സന്തോഷകരമായ ഒന്നാണ്. അതു ക്രിസ്തീയ ജീവിതത്തിൽ സ്ഥിരത ഉളവാക്കുന്ന അനുഗ്രഹ ഉറവയുടെ അടുക്കലേക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ദൈവമക്കളുടെ ജീവിതത്തിന്റെ അവാച്യമായ അനുഗ്രഹത്തിനും പരിപോഷണത്തിനുമായി ദൈവത്തിന്റെ കൃപയോടുകൂടിയ കഷ്ടത നമ്മുടെ അനുഭവത്തിൽ ഏകുന്നിടത്തോളം നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ആഴം വർദ്ധിക്കയത്രെ ചെയ്യുന്നത്. ദൈവം തനിക്ക് ഇഷ്ടമുള്ളവരെ ശിക്ഷിക്കുന്നതിന് പ്രധാനമായി മൂന്നു കാരണങ്ങളുണ്ട്. അവ, ൯ മുതൽ ൧൧ വരെയുള്ള വാക്യങ്ങളിൽ സംക്ഷേപിച്ചിരിക്കുന്നു.

൧. നമ്മുടെ അഭ്യസനത്തിന് (വാക്യം ൧൧) താൻ നമ്മെ രക്ഷിച്ചതിന്റെശേഷം നമ്മുടെ പ്രയോജനത്തിന്നായി നമ്മെ കൃപയിൽ അഭ്യസിപ്പിക്കുന്നതിന് ആരംഭിക്കുന്നു. എവിടെ അഭ്യസനമുണ്ടോ അവിടെ ശിക്ഷാക്രമങ്ങളും ഉണ്ട്. ഗുരുവിന്റെ ഹിതത്തിന്നു പ്രതികൂലമായി നമ്മിലുണ്ടാകുന്ന സകല വൈകല്യങ്ങളെയും നീക്കുന്നതിന് അവസരോചിതമായ ചെറിയ അടികൾ ആവശ്യമാണ്. തൽക്കാലം അവ പ്രയാസമെന്നു തോന്നുകയും ഇരുവരെയും വ്യസനപ്പെടുത്തുകയും ചെയ്യും എന്നിരുന്നാലും പിന്നീട് അവയിൽനിന്നു എത്രമാത്രം മധുരഫലങ്ങളാണ് പുറപ്പെടുന്നതു എന്നു അനുഭവക്കാർക്കുമാത്രമെ അറിയുള്ളൂ. തന്മൂലം ബാലശിക്ഷകൾ ചിലപ്പോൾ നമ്മെ സന്ദർശിക്കാറുണ്ട്.

൨. നമ്മുടെ ശുദ്ധീകരണത്തിന്. വാക്യം ൧൦. ദൈവത്തിനു നമ്മോടു വല്ല മനഃപ്പൂർവ്വവിരോധം ഉണ്ടെന്നാകട്ടെ അവനു നമ്മോടുള്ള ബന്ധത്തെ നശിപ്പിക്കുവാൻ അവൻ ശ്രമിക്കയാണെന്നാകട്ടെ വിചാരിപ്പാൻ നിവൃത്തിയില്ല. കുട്ടികളുടെ തെറ്റായ പ്രവൃത്തികൾ നിമിത്തം കോപിച്ചു ന്യായരഹിതമായി അവരെ ശിക്ഷിക്കുന്ന രീതിയെ ദൈവം അനുകരിക്കയുമില്ല. ജഡത്തിന്റെ പിതാക്കന്മാർ നമ്മെ "തങ്ങൾക്കു ബോധിച്ചപ്രകാരം അത്രെ ശിക്ഷിക്കുന്നതു്." എന്നാൽ തന്റെ വിശുദ്ധിയുടെ അംശികൾ ആയിത്തീരേണ്ടതിനു നാം ശുദ്ധീകരിക്കപ്പെടേണം എന്നുള്ളതാണു ദൈവത്തിന്റെ മുഖ്യോദ്ദേശം. "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണംതന്നെ." നമ്മിൽ ക്രിസ്തുയേശുവിന്റെ പ്രതിമ പ്രകാശിച്ചുകാണുവാൻ തടവെന്നുള്ള സകല കല്മഷങ്ങളെയും ദൂരീകരിച്ചുകളുവാൻ ദൈവം ആഗ്രഹിക്കുന്നു.

ഒരിക്കൽ ഒരു തട്ടാൻ കുറെ വെള്ളി ഉരുക്കുന്നതിന്നു ഒരാൾ സൂക്ഷിക്കയുണ്ടായി. അവൻ തീ നല്ലതുപോലെ ജ്വലിപ്പിച്ചുകൊണ്ടു തന്റെ ദൃഷ്ടി അഗ്നിയുടെ നടുവിലേക്കുതന്നെ പതിപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ സന്ദർശകൻ നിങ്ങൾ ഇത്ര സൂക്ഷ്മതയോടുകൂടെ അതിൽ നോക്കിക്കൊണ്ടിരിക്കുന്നതെന്താണെന്നു ചോദിച്ചു. അതിനു മറുപടിയായി തട്ടാൻ ഇങ്ങനെ പറഞ്ഞു. ഞാൻ എന്റെ മുഖം ആ വെള്ളിയിൽ പ്രതിഫലിച്ചുകാണുന്നതിനായിട്ടാണു നോക്കുന്നതു്. എപ്പോൾ അതു് ഉരുകി ശുദ്ധിയായി തീരുന്നുവോ അപ്പോൾ എന്റെ മുഖം അതിൽകൂടി കാണ്മാൻ സാധിക്കും. അതുവരെ ഞാൻ തീ ജ്വലിപ്പിച്ചു നോക്കിക്കൊണ്ടിരിക്കും."

"ഇതുപോലെതന്നെ ദൈവവും ന

ത്തിൽ ഒരു മുഖരൂപം ഉണ്ടാകുവാൻ കാത്തിരിക്കയാണ്. അതു തന്റെ പുത്രന്റെ വാത്സല്യമേറിയ മുഖമത്രേ. "നാം തന്റെ പുത്രന്റെ പ്രതിരൂപമാകേണ്ടതിനു മുൻനിർണ്ണയിച്ചിരിക്കുന്നു." നമ്മിലുള്ള ആ പ്രതിരൂപം വേണ്ടവിധം പ്രകാശിതമായിത്തീരുന്നതിനു പ്രതിബന്ധമായ എല്ലാവറ്റെയും താൻ ബാലശിക്ഷമൂലം നിരന്തരം നീക്കിക്കളയുകയത്രെ ചെയ്യുന്നതു്. "എല്ലാ രക്ഷകർത്താക്കളും എന്നവണ്ണം ദൈവം താനും തന്റെ കുഞ്ഞുങ്ങളുടെ ജീവിതത്തെ സംബന്ധിച്ചു് ഒരു മാതൃക വെച്ചിട്ടുണ്ട്. അതിനനുരൂപമായിത്തീരുന്നതുവരെ പല ശുദ്ധീകരണവേലയും നമ്മിൽ നടക്കേണ്ടതായുണ്ട്.

൩. നാം അനുസരണം പഠിക്കേണ്ടതിനു (വാക്യം ൯) "പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു." കഷ്ടത പലപ്പോഴും അനുസരണത്തിന്റെ ഉത്ഭവസ്ഥാനം ആണ്. വേറൊരു സന്ദർഭത്തിലും ഇല്ലാത്തവിധം കഷ്ടതയുടെ സ്ഥാനത്തു പരിപൂർണ്ണമായി ദൈവേഷ്ടത്തിനു വിധേയപ്പെടുക സാധാരണമാണു. യോബിന്റെ അനുഭവം ഇതിനു സാക്ഷിക്കുന്നുണ്ട്. അതുകൊണ്ടു് കഷ്ടതയിൽക്കൂടി ചിലപ്പോഴെല്ലാം കടന്നുപോകുന്നതു നല്ലതാണ്. ഒരു കുട്ടിയുടെ ഹൃദയം വഴങ്ങാതിരിക്കുന്നിടത്തോളം പിതാവിന്റെ ഇഷ്ടം എങ്ങിനെ അവനിൽ നിറവേറും? അതുപോലെ തന്നെ അനുസരണമില്ലാത്ത ഒരു ഹൃദയത്തിലും ദൈവത്തിന്റെ വേല നടത്തുന്നതിനു നിവൃത്തിയില്ല. തന്മൂലം നമ്മെ അനുസരണമുള്ളവരാക്കിത്തന്റെ ഉദ്ദേശം നമ്മിൽ നിറവേറേണ്ടതിനു ദൈവികശിക്ഷ പലപ്പോഴും നാം അനുഭവിക്കേണ്ടതായി വന്നുകൂടുന്നു.

വേനൽകാലത്തിലെ ഒരു രമണീയമായ പ്രഭാതവേളയിൽ, ഒരു മദാമ്മ, സ്വിററ്സർലണ്ടിൽ താൻ താമസിച്ചിരുന്ന ഭവനത്തിനടുത്തുള്ള ഒരു മലഞ്ചെരിവിൽ കൂടി കടന്നുപോകുകയായിരുന്നു. അവിടെ അധികം അകലെയല്ലാതെ ഒരു ആട്ടിൻതൊഴുത്തു കണ്ടിട്ടു അതിന്റെ വാതുക്കൽ ചെന്നു ഉള്ളിലേക്കു നോക്കി. അവിടെ കണ്ട കാഴ്ച ഏററവും ശ്രദ്ധേയമായ ഒന്നായിരുന്നു. ഇടയൻ ഒരു ഭാഗത്തു ഇരിക്കുന്നതും ആടുകൾ ചുററുമായി കിടക്കുന്നതും കണ്ടു. എന്നാൽ ഇടയനോടു ഏററവും അടുത്ത ഒരു സ്ഥാനത്തു കുറെ വയ്ക്കോലിന്മേൽ ഒരു ആടു കിടക്കുന്നു. അതിനെ സൂക്ഷിച്ചതിൽ അതിന്റെ ഒരു കാലു് ഒടിഞ്ഞതാണെന്നും തന്മൂലം വളരെ വേദന അനുഭവിക്കുന്നുണ്ടെന്നും മനസ്സിലായി. അപ്പോൾ സ്ത്രീസഹജമായ ദീനാനുകമ്പയോടും അന്വേഷണബുദ്ധിയോടുംകൂടി ആ ആട്ടിന്റെ കാലു് എങ്ങിനെ ഒടിഞ്ഞതാണെന്നു മദാമ്മ ചോദിച്ചു. അതിനു മറുപടി ആയി ഇടയൻ ഇങ്ങനെ പറഞ്ഞു. "ഞാൻതന്നെ അതിന്റെ കാൽ ഒടിച്ചതാണു." ഇതു കേട്ടമാത്രയിൽ മദാമ്മയുടെ മുഖം മാറുന്നതുകണ്ടു് ഇടയൻ തുടർന്നു പറഞ്ഞു. "എന്റെ ആട്ടിൻകൂട്ടത്തിൽ ഉള്ളതിലേക്കും വഴിവിട്ടു സഞ്ചരിക്കുന്ന ഒരാടാണ് ഇതു. എന്റെ ശബ്ദം പലപ്പോഴും അതു ശ്രദ്ധിക്കയില്ല. ആട്ടിൻകൂട്ടത്തെ നടത്തുന്ന വഴിയിൽനിന്നു അതു അന്യമായി സഞ്ചരിക്കുന്നു. പലപ്പോഴും വലിയ ഉയരമുള്ള പാറക്കെട്ടുകളുടേയും ഏററവും അഗാധമായ കുഴികളുടേയും വക്കിൽക്കൂ

ടി അതു അലഞ്ഞു നടക്കാറുണ്ട്. അതു അനുസരണം കെട്ടു നടക്കുന്നു എന്നു മാത്രമല്ല മററുള്ളവയേയും കൂടി വഴിതെററിക്കുന്നതിനു മുഖാന്തിരമായി തീരുന്നുമുണ്ട്. ഈ മതിരി ആടുകളെ സംബന്ധിച്ചു എനിക്കു പരിചയം ഉള്ളതുകൊണ്ടു ഞാൻ ഇതിന്റെ കാൽ ഒടിച്ചതാണ്."

ആദ്യത്തെ ദിവസം ഞാൻ തീററിയും കൊണ്ടു ചെന്നപ്പോൾ അതെന്നെ ഇടിക്കാൻ വന്നു. അതുകൊണ്ടു രണ്ടു ദിവസത്തേക്കു ഭക്ഷണം ഒന്നും കൊടുത്തില്ല. മൂന്നാമത്തെ ദിവസം ഞാൻ തീററിയും കൊണ്ടു ചെന്നപ്പോൾ അതു വളരെ സ്നേഹഭാവത്തോടുകൂടി തിന്നു. ഞാൻ ചില കാര്യങ്ങൾകൂടി പറഞ്ഞുകൊള്ളട്ടെ. ഈ ആടു സുഖമായാൽ കൂട്ടത്തിൽ ഉള്ളതിലേക്കും അനുസരണമുള്ളതായിരിക്കും. മറെറാരാടും അതിനെപ്പോലെ വേഗം എന്റെ ശബ്ദം കേൾക്കയില്ല. എന്നോടു അത്ര അടുത്തനുഗമിക്കുന്ന വേറൊരാടും ഉണ്ടായിരിക്കയില്ല. ഈ ആട് മേലാൽ യാതൊരപകടസ്ഥാനത്തുകൂടി നടക്കയോ കൂട്ടത്തിൽ നിന്നു വേർപെടുകയോ മററുള്ളതിനെ തെററിക്കുന്നതിനു വഴിയുണ്ടാക്കുകയോ ചെയ്യുകയില്ല"

ഇതു എത്രയോ സമ്മതിക്കത്തക്ക ഒരു വാസ്തവം. ഇക്കാലത്തു അനേകർ ഈവിധമുള്ളതായ അനുഭവത്തിൽ കൂടി കടന്നു പോകുന്നുണ്ട്. ഇടയന്റെ ഇമ്പമേറിയ സ്വരം ശ്രവിക്കാതെയും കൂട്ടത്തെ വിട്ടു തനിയെ സഞ്ചരിക്കയും മററുള്ളവരെ വഴിതെററിക്കുന്നതിനു മുഖാന്തിരമായി തീരുകയും ചെയ്യുന്നവരുടെ അവസ്ഥ ഏററവും ശോചനീയം. അവരുടെ കാലുകൾ ഒടിക്ക തന്നെ വേണം എങ്കിൽ മാത്രമേ അവർ തങ്ങളുടെ വക്രബുദ്ധിയെ ഉപേക്ഷിച്ച് ഋജുബുദ്ധികളായി തീരുകയുള്ളൂ. ഈ വിധ പ്രയോജനത്തിലേക്കായി ദൈവം ചിലപ്പോൾ സ്നേഹപൂർവ്വം നമ്മോടു ഇടപെടുന്നു. ഈ ത്രിവിധകാരണങ്ങളാൽ താൻ നമ്മെ പലപ്പോഴും ബാലശിക്ഷ കഴിക്കുന്നു.

ബാലശിക്ഷയെ സംബന്ധിച്ചിടത്തോളം നമുക്കു രണ്ടു മുൻകരുതലുകൾ ദൈവം തരുന്നുണ്ട്.

I <u>നിരസിക്കരുത്</u>. നാം അഞ്ചാംവാക്യത്തിലേക്കു വരുമ്പോൾ ദൈവശാസനയെ വിലയില്ലാത്തതായി ഗണിക്കരുതെന്നു അതു നമ്മോടു ഉപദേശിക്കുന്നു. പലപ്പോഴും ഈ പ്രകൃതി ചിലരിൽ കാണപ്പെടുന്നു. തന്നിമിത്തം ഉണ്ടാകുന്ന ദോഷങ്ങൾ അനിർവാച്യമായി തീരാം. നമ്മുടെ ഹൃദയം കഠിനപ്പെടുകയോ കയ്പുള്ളതായി തീരുകയോ ചെയ്യരുത്. പുറമേ നിസ്സാരങ്ങൾ എന്നു തോന്നുന്ന ദൈവത്തിന്റെ ഇടപാടുകൾ തന്റെ സ്നേഹത്തെ നമ്മിൽ പകരുന്ന ദൂതൻ തന്നെയാണ്. ഹൃദയം കഠിനപ്പെടുന്നതിനോടുകൂടെ ദൈവിക കൂട്ടായ്മയെ ഉപേക്ഷിച്ചു അന്ധകാരമയമായ സംശയങ്ങൾക്കും അനാത്മികമായ നിരാശകൾക്കും വശംവദരായി തീർന്നുപോകുന്നു. ദൈവത്തിനു വിരോധമായി ആത്മാവിൽ കലഹിക്കരുത്. അതിനു നാം ഇടംകൊടുത്താൽ നമ്മുടെ ക്രിസ്തുവിലുള്ള സമാധാനം സ്വസ്ഥത എന്നിവ നഷ്ടപ്പെട്ടുപോകും.

II. <u>വാടിപ്പോകരുത്</u>. അഞ്ചാംവാക്യത്തിൽ തന്നെ രണ്ടാമത്തെ മുൻകരുതലും നാം കാണുന്നു. ഈ അവസ്ഥയിലുള്ള ശിക്ഷ ഗുരുതരമത്രെ. ചില പ്രിയപ്പെട്ടവരുടെ വേർപാട്, ധനസംബന്ധമായ അപരിഹാര്യമായ നഷ്ട

ങ്ങൾ, ശാരീരികമായ ക്ലേശങ്ങൾ ഇവയുടെ പരീക്ഷയിലും, പരിശോധനയിലും നമ്മുടെ ആത്മാവ് എത്രമാത്രം താണുപോകുന്നു. വിശ്വാസത്തിൽ എത്ര അധികം ക്ഷീണതയുള്ളവരായിക്കാണപ്പെടുന്നു. "ഞാൻ എല്ലാ ചെയ്തു. ഞാൻ ഈ ശോധനയിൽ തളർന്നുപോകുന്നു. അതേ സമയത്തു വാടിപ്പോകുന്നതെന്നു ദൈവം എന്നോടു കല്പിക്കുന്നു എന്നു പറഞ്ഞുപോയേക്കാം." ശരിതന്നെ. ശാരീരികമായ വാട്ടം അല്ലെങ്കിൽ തളർച്ച വരുമ്പോൾ സാധാരണ ചെയ്യാവുന്നത് എന്താണെന്നുള്ളതു ചിന്തിക്കുക. വേല എല്ലാം നിറുത്തിവിട്ടു ബലമുള്ളവരായ പ്രിയരുടെ തോളിൽ ചാരുന്നു. ക്ഷീണിച്ച ശരീരം ശക്തി പ്രാപിക്കുന്നതുവരെ അതേ നിലയിൽ വിശ്രമിക്കുന്നു. ആത്മീകബലഹീനത വരുമ്പോഴും ഇപ്രകാരമാണ്. ധൈര്യവും ബലവും ഉണ്ട് എന്നു ഭാവിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനാരംഭിക്കാതെ "മൌനമായിരുന്നു ഞാൻ ദൈവം എന്നറിഞ്ഞുകൊൾവിൻ" എന്നുള്ള മധുരസ്വരത്തിന്റെ അനുഭവത്തിലേക്കു കടക്കമാത്രം ചെയ്യു. കഷ്ടതയുടെ ഘോരമായ അഗ്നിജ്വാലയാൽ വാടിപ്പോകുമ്പോൾ ചെയ്യേണ്ടതു ഇതുതന്നെ. എന്നാൽ അതിൽകൂടെ ഒക്കെയും താൻ നമ്മെ വിജയകരമായും വിവിധതരമായും നടത്തും.

വേറെയും ചിലകാര്യങ്ങൾ നാം ഈ സന്ദർഭത്തിൽ ഓർക്കേണ്ടതായുണ്ട്. അവയിൽ ഒന്നു ദൈവസ്നേഹമത്രേ. ലോകചരിത്രത്തിൽ പെട്ടിട്ടുള്ള ഏതാനും ചില രത്നങ്ങളിൽ വെച്ചു പ്രഥമസ്ഥാനത്തെ അർഹിക്കത്തക്ക ഒന്നു കഴിഞ്ഞ ഒരു വർഷത്തിൽ ആഫ്രിക്കയിലുള്ള ഒരു ഖനിയിൽനിന്നും കണ്ടുകിട്ടുകയുണ്ടായി. തന്റെ രാജകീയ കിരീടത്തിൽ പ്രശോഭിക്കേണ്ടതിലേക്കായി ജോർജ്ജു ചക്രവർത്തി തിരുമനസ്സിലേക്കു അതു സമ്മാനിച്ചു. അതിനെ മിനുസവും പ്രശോഭയും ഉള്ളതാക്കിത്തീർക്കുന്നതിലേക്കു ഏറ്റവും സമർത്ഥനായ ഒരു രത്നവേല ചെയ്യുന്ന ആളിനെ ഏല്പിച്ചു. അവൻ അതിൽ എന്തു ചെയ്തു എന്നു നിങ്ങൾ ഊഹിക്കുന്നു. ഈ വിലതീരാത്ത രത്നം അവൻ എടുത്തു ഒരു വരവരച്ചു തന്റെ ആയുധംകൊണ്ട് ആ വരയെ ലക്ഷ്യമാക്കി ഒന്നു വെട്ടി. അതിനോടുകൂടി ആ രത്നം രണ്ടായ്പിളർന്നു. ഇത് എന്തൊരബദ്ധം, എത്രവലിയൊരു നഷ്ടം! എത്ര കുററകരമായ അലക്ഷ്യത: എന്നു തോന്നിയേക്കാം. എന്നാൽ അങ്ങിനെയല്ല. കാരണം അനേക ദിവസങ്ങളും ആഴ്ചകളും ആ വെട്ടു ഏതുരീതിയിൽ വേണമെന്നു പഠിക്കയും ആലോചിക്കയും രത്നത്തിന്റെ സ്വഭാവം ദോഷങ്ങൾ, പിളരുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ സൂക്ഷ്മമായി ഗ്രഹിക്കയും ചെയ്തതിന്റെ ശേഷമാണ് അതിനെ പിളർന്നതു. അയാൾ അതിനെ വെട്ടിയപ്പോൾ അതിന്റെ പൂർണ്ണതയിലേക്കും ശോഭയിലേക്കും, മനോഹരതയിലേക്കും അതിനെ കൊണ്ടുവരികയായിരുന്നു. രത്നത്തെ നശിപ്പിച്ചുകളഞ്ഞു എന്നു തോന്നിയ ആ വെട്ടു യഥാർത്ഥത്തിൽ അതിന്റെ വിടുതൽ ആയിരുന്നു. മിനുസമില്ലാതെയും വേണ്ടവിധം ശരിപ്പെടുത്താതെയുമുള്ള സ്ഥിതിയിൽ ഖനിയിൽ നിന്നും എടുത്ത ആ വിലയേറിയ കല്ലിൽ, മറഞ്ഞുകിടന്നതും അയാളുടെ സൂക്ഷ്മദൃഷ്ടിക്കു വിഷയീഭൂതവുമായ രണ്ടു മനോഹര വൈഡൂര്യമണികൾ അടങ്ങിയിരുന്നു. ഇതുനിമിത്തമാണ് അയാൾ അതിനെ പിളർന്ന

ളു. ഇതുപോലെ തന്നെ നമ്മുടെ ജീവിതത്തിലും ചില വേദനയേറിയ മുറിവുകൾ ദൈവം ഉണ്ടാക്കാറുണ്ട്. അതു പക്ഷെ തല്ക്കാലം അസഹ്യം എന്നു തോന്നാം. നാമും ദൈവത്തിന്റെ വിലതീരാത്ത കല്ലുകളും ഒരു ദിവസം തന്റെ കിരീടത്തെ അലങ്കരിക്കേണ്ടിവരുന്നവരുമാണ്. ദൈവകൈകളിൽ കിടക്കുമ്പോൾ നമ്മോടു പെരുമാറേണ്ടതു് ഏതു വിധമെന്നു താൻ നല്ലതുപോലെ അറിയുന്നു. ദൈവത്തിന്റെ സ്നേഹം നിമിത്തമല്ലാതെ യാതൊരടിയും നമുക്കു വരുന്നില്ല. അതു നമ്മുടെ ആത്മികപോഷണത്തിനും വിചാരിക്കുന്നതിൽ പരമായ അനുഗ്രഹത്തിനും മുഖാന്തരം ആകുന്നു.

## ൨. ദൈവത്തിന്റെ പിതൃത്വം.

രണ്ടാമതായി നാം ഓർക്കേണ്ടതു ദൈവം നമ്മുടെ പിതാവാണെന്നുള്ളതാണ്. ഊമക്കും ചെകിടർക്കുമായുള്ള ഒരു സ്കൂളിൽ ഒരു സന്ദർശകൻ ബോർഡിൽ അവർക്കായി ചില ചോദ്യങ്ങൾ എഴുതി വരവെ "എന്തുകൊണ്ട് ദൈവം എന്നെ കേൾവിയുള്ളവനും സംസാരിക്കുന്നതിനു കഴിവുള്ളവനും ആയിട്ടും നിങ്ങളെ ഊമരും ചെകിടരുമായിട്ടും ആക്കിത്തീർത്തു", എന്നെഴുതി. ഈ ചോദ്യം അവരുടെ ഹൃദയത്തെ വല്ലാതെ ഇളക്കി. "എന്തുകൊണ്ട്" എന്നുള്ള വാക്കിനെ നോക്കി അവർ അന്ധരായി കുറെ നേരം ഇരുന്നു. അപ്പോൾ ഒരു ചെറിയ പെൺകുട്ടി വിറയ്ക്കുന്ന ചുണ്ടുകളോടും, അശ്രുകലുഷമായ കണ്ണുകളോടും കൂടെ എഴുന്നേറ്റിട്ടു നേരെ ബോർഡിന്റെ അടുക്കൽ ചെന്നു ഒരു കഷണം ചോക്കു എടുത്തു ഇപ്രകാരം എഴുതി. "പിതാവായ ദൈവത്തിനു അങ്ങിനെ ഇഷ്ടം തോന്നി." എന്തൊരു ഹൃദയസ്പർശകമായ മറുപടി. ദൈവം അവരുടെ പിതാവാണെന്നു ആ കുട്ടി നല്ലതുപോലെ ഗ്രഹിച്ചിരുന്നു. ഇതുപോലെ നാമും ദൈവത്തെ നമ്മുടെ പിതാവായി മനസ്സിലാക്കുമ്പോൾ നമ്മുടെ ജീവിതത്തിന്റെ സൗഭാഗ്യവും ആരംഭിക്കുന്നു. ഏതൊരു ദൈവപൈതലിനും സ്ഥിരമായി വിശ്രമിക്കത്തക്ക ഒരു പരമസത്യമത്രെ ആ കുട്ടിയുടെ മറുപടി നമ്മെ മനസ്സിലാക്കുന്നതു. ഇതു ഓരോരുത്തരുടേയും ഹൃദയത്തിൽ സ്ഥലം പിടിച്ചുകഴിയുമ്പോൾ വിശ്വാസമാകുന്ന പ്രാവു മേലിൽ യാതൊരു ആശ്വാസവും കാണാതെ പറന്നു നടക്കയില്ല. ദൈവം നമ്മുടെ പിതാവാണെന്നു ഓർക്കുമ്പോൾ നമ്മുടെ ആത്മാവിനു സ്ഥിരമായ സമാധാനം അനുഭവമാകും.

ആകയാൽ ലഘുതരവും സുഖകരവും ആയ ഒരു ക്രിസ്തീയജീവിതത്തിനുവേണ്ടി അനവരതമായ ആകാംക്ഷയോടും അനിവാര്യമായ ഉൽക്കണ്ഠയോടും വിവിധങ്ങളായ പ്രതീക്ഷകളോടും കൂടി നോക്കിപ്പാർക്കുന്ന ലളിതമാനസന്മാരായ പ്രേക്ഷകന്മാർ അവധാനപൂർവ്വം ഈ വിഷയം ധ്യാനിച്ചു ഇതിലുള്ള ആശ്വാസമകരന്ദം നുകർന്നു ചൈതന്യം പ്രാപിച്ചും സമാധാനം കൊണ്ടു നിറക്കുന്ന പ്രത്യാശയുടെ നദിയിലേക്കു ചാടിയിറങ്ങി പ്രശോഭനവും പ്രശംസനീയവുമായ നിത്യാനുഭവത്തിൽ തങ്ങളുടെ ഹൃദയദൃഷ്ടികളെ പതിപ്പിച്ചുകൊണ്ടു വിജയകരമായ ക്രിസ്തീയജീവിതം നയിക്കുന്നതിനും സർവ്വശക്തൻ സഹായിക്കട്ടെ. ഇതു് എന്നെ പലപ്പോഴും സമാശ്വസിപ്പിച്ചിട്ടുള്ള ഒരു ദർശനമത്രേ. "യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ" സങ്കീ: ൩൪: ൮.